MOR4-032293/2018

കൊച്ചി നഗരസഭ കാര്യാലയം
കൊച്ചി - 11
തീയതി : 30/01/2019

# കൊച്ചി നഗരസഭ കാര്യാലയം ടെണ്ടർ പരസ്യം
# (2019-20)

## കൊച്ചി നഗരസഭാ കാര്യാലയത്തിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യം ചെയ്യുന്നത്.

**1/04/2019** മുതൽ **31/03/2020** വരെയുള്ള കാലത്തേയ്ക്ക് കൊച്ചിനഗരസഭാകാര്യാലയം വക പബ്ലിക് മാർക്കറ്റുകൾ, വണ്ടിപ്പേട്ടകൾ, ഫിഷ്സ്റ്റാൾ, പാർക്കിംഗ് പ്ലേസുകൾ, ടാക്സി സ്റ്റാന്റുകൾ, വള്ളക്കടവുകൾ, കംഫർട്ട് സ്റ്റേഷനുകൾ, ശ്മശാനങ്ങൾ **ബയോടോയ്ലറ്റുകൾ** മുതലായ വകകളിൽ നിന്നും ഫീസ് പിരിക്കുന്നതിനും പീടികമുറികൾ ഉപയോഗിക്കുന്നതിനുമുള്ള അവകാശവും ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കുന്നതിനുമുള്ള അവകാശവും ടെണ്ടർ ചെയ്ത് നൽകുന്നതാണ്.

1. മാർക്കറ്റുകൾ, വണ്ടിപ്പേട്ടകൾ, കംഫർട്ട് സ്റ്റേഷനുകൾ, പാർക്കിംഗ് പ്ലേസുകൾ, ടാക്സി സ്റ്റാന്റുകൾ, വഞ്ചിത്താവളങ്ങൾ എന്നിവിടങ്ങളിൽ നിന്നും പട്ടികയിൽ കാണിച്ചിരിക്കുന്ന നിരക്കിൽ മാത്രമേ ഫീസ് പിരിക്കുവാൻ പാടുള്ളു.

2. ടെണ്ടർ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ടോ രേഖാമൂലം അധികാരപ്പെടുത്തിയ ആൾ മൂലമോ **15/02/2019.-ാം തീയതി (ഉച്ചയ്ക്ക് ശേഷം) 3 മണി വരെ** എറണാകുളം പ്രദേശത്ത് മെയിൻ ഓഫീസ് റവന്യു ഓഫീസറേയും മട്ടാഞ്ചേരി ഭാഗത്ത് മട്ടാഞ്ചേരി അസി.റവന്യു ഓഫീസറേയും ഏൽപ്പിക്കേണ്ടതാണ്. ടെണ്ടർ നിശ്ചിത ഫോറത്തിൽ ആയിരിക്കേണ്ടതാണ്. ടെണ്ടർ ഫോറം കോർപ്പറേഷൻ മെയിൻ ഓഫീസ് റവന്യു വിഭാഗത്തിൽ നിന്നും മട്ടാഞ്ചേരി ഓഫീസ് റവന്യൂ വിഭാഗത്തിൽ നിന്നും **14/02/2019 ഉച്ചയ്ക്ക് ശേഷം 3.00 മണിവരെ** നിശ്ചിത നിരക്കിൽ ലഭിക്കുന്നതായിരിക്കും. ടെണ്ടർ സംഖ്യ അക്കത്തിലും അക്ഷരത്തിലും എഴുതിയിരിക്കേണ്ടതും ടെണ്ടറിൽ പങ്കെടുക്കുന്നയാളിന്റെ ഡിവിഷൻ, വീട്ടു നമ്പർ, പോസ്റ്റോഫീസ്, പിൻകോഡ്, ടെലിഫോൺ നമ്പർ എന്നിവ അടക്കം പൂർണമായി മേൽവിലാസം ടെണ്ടർ ഫോറത്തിൽ കാണിച്ചിരിക്കേണ്ടതുമാണ്. ടെണ്ടർ ഫോറത്തിൽ തിരുത്ത് വല്ലതുമുണ്ടെങ്കിൽ ആയത് ഒപ്പോടുകൂടി ആയിരിക്കേണ്ടതാണ്. ടെണ്ടർ ഫോറം വാങ്ങാൻ വരുന്നവർ മേൽവിലാസം തെളിയിക്കുന്നതിലേക്കായി വോട്ടർ ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാൻ കാർഡ് മുതലായ രേഖകൾ ഹാജരാക്കി ബോധ്യപ്പെട്ടതിനുശേഷം മാത്രമെ ടെണ്ടർ ഫോറം നൽകുകയുള്ളു. ടെണ്ടർ അടക്കം ചെയ്തിരിക്കുന്ന കവറിനു മുകളിൽ ഏതിനം എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ തുകയ്ക്ക് നിശ്ചിത നിരക്കിലുള്ള നികുതികൾ കൂടി കിസ്തുകാരൻ വഹിക്കേണ്ടതാണ്.

3. **16.02.2019.-ാം തീയതി രാവിലെ 11 മണിക്ക് ടെണ്ടർ** തുറന്നുപരിശോധിക്കുന്നതായിരിക്കും (എറണാകുളത്തേയും മട്ടാഞ്ചേരിയിലേയും **ടെണ്ടർ** അന്നേ ദിവസം തന്നെ എറണാകുളം **നഗരസഭ മെയിൻ ഓഫീസിൽ വെച്ചായിരിക്കും** നടത്തുക) അന്നേ ദിവസം **ടെണ്ടർ** നടപടികൾ പൂർത്തീക രിക്കാത്ത പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ **11 മണിമുതൽ** നടപടികൾ പുനരാരംഭി ക്കുന്നതായിരിക്കും.

4. ടെണ്ടറിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ **മുഴുവൻ ടെണ്ടർത്തുകയ്ക്ക് അംഗീകൃത ബാങ്കുകളുടെ മാനേജർമാർ നിയമാനുസൃതം നൽകിയിട്ടുള്ള ബാങ്ക് ഗ്യാരണ്ടിയോ അല്ലെങ്കിൽ കോർപ്പറേഷൻ ട്രഷറിയിൽ ഒടുക്കിയ ചലാനോ അല്ലെങ്കിൽ നഗരസഭാ സെക്രട്ടറിയുടെ പേരിൽ എടുത്തിട്ടുള്ളതും, എഫ്.ഡി (സ്ഥിരനിക്ഷേപം), കൊച്ചി സിറ്റിയിൽ മാറാവുന്നതുമായ ഡി.ഡി.യോ ടെണ്ടറിനോടൊപ്പം** ഹാജരാക്കിയിരിക്കേണ്ടതാണ്. മേൽ രേഖകൾ ഹാജരാക്കാത്തപക്ഷം ടെണ്ടർൾ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ടെണ്ടർ കവർ ഒട്ടിച്ച് സീൽ ചെയ്തിരിക്കേണ്ടതാണ്. കൂടാതെ ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പരസ്യ പട്ടികയിൽ അതാത് ഇനത്തിൽ നേരെ ചേർത്തിരിക്കുന്ന ഇ.എം.ഡി തുക പലിശയില്ലാതെ ടെണ്ടറിന്റെ ഉറപ്പിലേയ്ക്കായി കോർപ്പറേഷൻ ട്രഷറിയിൽ ഒടുക്കിയ രസീതോ നഗരസഭാ സെക്രട്ടറിയുടെ പേരിൽ എടുത്തിട്ടുള്ളതും കൊച്ചി സിറ്റിയിൽ മാറാവുന്നതുമായ ഡി.ഡി-യോ ടെണ്ടറിനോടൊപ്പം ഹാജരാക്കിയിരിക്കേണ്ടതാണ്. മേൽപ്രകാരം കെട്ടിവെച്ച സംഖ്യ ടെണ്ടർ ഉറപ്പിക്കാതെ വരുന്ന പക്ഷം

ചെക്കുമൂലം മടക്കി നൽകുന്നതായിരിക്കും. ബാങ്ക് ഗ്യാരണ്ടി സ്വന്തം പേരിലുള്ളത് ആയിരിക്കേണ്ടതാണ്. ടെണ്ടർ സ്വീകരിക്കുന്ന പക്ഷം കുത്തകക്കാരൻ പരസ്യ നിബന്ധനകൾക്കനുസൃതമായി നടത്തുന്നതിനുള്ള ഉറപ്പിലേക്കായി ഇ.എം.ഡി സംഖ്യ എപ്പോഴും ഈടായിത്തീരുന്നതും അങ്ങനെ വീഴ്ചകൾക്ക് ഈടാക്കപ്പെടുന്ന സംഖ്യ തട്ടിക്കിഴിച്ച് ബാക്കി ഇ.എം.ഡി സംഖ്യ കുത്തക കാലാവധിക്കുശേഷം കുത്തകക്കാരന് മടക്കി നൽകുന്നതുമായിരിക്കും

5. കോർപ്പറേഷൻ അതിർത്തിക്കകത്തുണ്ടായിരുന്ന മുനിസിപ്പാലിറ്റികളുമായോ പഞ്ചായത്തുകളുമായോ കീഴ്ക്കട കുത്തകകളിൽ കിസ്തുക്കളോ തൽസംബന്ധമായ തുകകളോ അടയ്ക്കാതെ വീഴ്ച വരുത്തിയോ കുത്തകകളിലെ നിശ്ചയങ്ങളോ മറ്റോ നിറവേറ്റാതെ വരികയോ ചെയ്തിട്ടുള്ള വരുടെയും ക്രിമിനൽകോടതി ശിക്ഷ അനുഭവിച്ചിട്ടുള്ളവരുടേയും നഗരസഭ കരിമ്പട്ടികയിൽ പ്പെടുത്തിയ വ്യക്തികളുടെയും ടെണ്ടർ സ്വീകരിക്കുന്നതല്ല.

6. ഏതൊരു ടെണ്ടറും നിയമാനുസരണമുള്ള അധികാരിയുടെ (കൗൺസിൽ / സ്റ്റാന്റിംഗ് കമ്മിറ്റി / സെക്രട്ടറി) സ്ഥിരീകരണത്തിന് വിധേയമായിരിക്കും.

7 സ്ഥിരീകരണാധികാരിയുടെ അഭിപ്രായത്തിൽ ടെണ്ടർ സംഖ്യ മതിയാകുന്നില്ലെന്ന് തോന്നുന്ന പക്ഷം വീണ്ടും ടെണ്ടർ നടത്തുവാൻ തീരുമാനിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അങ്ങിനെ രണ്ടാം ടെണ്ടറിൽ ഉയർന്ന സംഖ്യയ്ക്ക് ടെണ്ടർ കൊടുക്കുന്ന, പക്ഷം ആയത് രണ്ടാമതും തീർപ്പിനായി അതാത് അധികാരിയുടെ മുമ്പാകെ വയ്ക്കുന്നതാണ്. ഉയർന്ന സംഖ്യയ്ക്ക് ടെണ്ടർ ലഭിക്കാത്തപക്ഷം ആദ്യത്തെ ടെണ്ടർ തന്നെ സ്ഥിരപ്പെടുത്തുവാൻ സെക്രട്ടറിയ്ക്ക് അധികാരമുള്ള താകുന്നു

8. ടെണ്ടർ പരസ്യത്തിൽ പറയുന്ന ഇനങ്ങൾ തിരിച്ചോ, ടെണ്ടറുകാരുമായോ, പ്രത്യേകം പ്രത്യേകമായോ കൂട്ടായോ നെഗോഷിയേറ്റ് ചെയ്യുന്നതിനും നിയമാനുസരണമുള്ള കോർപ്പറേഷൻ അധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. ടെണ്ടർ തുറന്നു താൽക്കാലികമായി ഉറപ്പിക്കുന്ന കൂടുതൽ സംഖ്യകൾക്കുള്ള ടെണ്ടറുകൾ അതേ ടെണ്ടർ സംഖ്യയുടെ **രണ്ടിൽ ഒരു ഭാഗം** പലിശയില്ലാതെ മേൽ 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള സംഖ്യകൾക്കു പുറമെ അനാമത്തായി കെട്ടിവയ്ക്കേണ്ടതും അതാതു അധികാരികൾ ടെണ്ടർ അംഗീകരിച്ചു സ്ഥിരപ്പെടുത്തിയ വിവരം അറിവു ലഭിച്ച് 7 ദിവസത്തിനകം, സ്വന്തം ചെലവിൽ കോർപ്പറേഷൻ ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്ന തീയതിയിൽ ഓഫീസിൽ നിന്ന് നിർദ്ദേശിക്കുന്ന വിലയുള്ള മുദ്രക്കടലാസിൽ കരാറെഴുതിയോ, കരാറ് രജിസ്റ്ററാക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെടുന്ന പക്ഷം യോഗ്യതയുള്ള ജാമ്യക്കാർ സഹിതം രജിസ്റ്ററാക്കി നൽകേണ്ടതുമാണ്. താൽക്കാലികമായി **രണ്ടിൽ ഒരു ഭാഗം** അടച്ചതുകൊണ്ട് ടെണ്ടർ ഉറപ്പിച്ചുകൊടുക്കണമെന്നുള്ള ഉപാധി ടെണ്ടറുകാരന് ഉന്നയിക്കാൻ അവകാശമില്ലാത്തതാണ്. 50,000 രൂപ വരെയുള്ള ടെണ്ടർ തുകകൾ ഒററത്തവണയായി ഒടുക്കേണ്ടതാണ്. ടെണ്ടർ തുകയോടൊപ്പം നിയമാനുസൃതമുള്ള CGST, SGST, TDS/TCS എന്നിവ ഉൾപ്പെടുത്തി ഒടുക്കേണ്ടതാണ്. (പാൻ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്)

10. മേൽപ്പറഞ്ഞ പ്രകാരം ടെണ്ടറുകാരൻ ജാമ്യസംഖ്യ അടയ്ക്കാതിരിക്കുകയോ ടിയാന്റെ ചിലവിൽ കരാറെഴുതി ഹാജരാക്കാതിരിക്കുകയോ ചെയ്യുന്നതിനാൽ ടെണ്ടറുകാരൻ മുൻകൂറായി 4, 9 എന്നീ വകുപ്പുകൾ പ്രകാരം കെട്ടിവയ്ക്കുന്ന സംഖ്യ കൗൺസിലിലേയ്ക്ക് പിഴയായി മുതൽക്കൂട്ടുന്നതും കൂടാതെ ടെണ്ടറുകാരന്റെ ടെണ്ടർ റദ്ദാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ രണ്ടാമതും ടെണ്ടർ വിളിച്ചോ നെഗോഷിയേറ്റ് ചെയ്തോ കരാർ ഏൽപ്പിക്കുന്നതും അതിൽ നിന്നുണ്ടാകുന്ന സകലവിധ നഷ്ടത്തിനും ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

11. ജാമ്യസംഖ്യ കെട്ടി കരാറെഴുതിയതിനുശേഷം അതാതു അധികാരികളുടെ രേഖാമൂലമായ അനുവാദം കൂടാതെ ടെണ്ടറവകാശം മറ്റു വല്ലവർക്കും കൈമാറ്റം ചെയ്യുകയോ കീഴ്കരാറായി ഏൽപ്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. അത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ കുത്തക റദ്ദു ചെയ്യുവാൻ നഗരസഭാ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

12. ടെണ്ടർ സംഖ്യ 5 തുല്യഗഡുക്കളായി ഭാഗിച്ച് 2018 ഏപ്രിൽ മാസം മുതൽ ഓഗസ്റ്റ് മാസം വരെ അതാതുമാസം 15-ാം തീയതിയ്ക്കോ അതിനുമുമ്പോ കോർപ്പറേഷൻ ഓഫീസിൽ അടച്ച് രസീത്

വാങ്ങേണ്ടതും 15-ാം തീയതി അവധി ദിവസമാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം അടക്കേണ്ടതുമാകുന്നു.

13. കിസ്തുതുകകൾ യഥാസമയം അടയ്ക്കാതിരുന്നാൽ ആയത് കുടിശ്ശികയായി കണക്കാക്കുന്നതും അപ്രകാരം താമസം നേരിടുന്ന സംഖ്യയ്ക്ക് പ്രതിമാസം 1% പിഴ ചുമത്തുന്നതും, പിഴയോടുകൂടി കിസ്തു തുക അടക്കേണ്ടതുമാണ്.

14. കിസ്തു അടക്കേണ്ട ദിവസത്തിനുശേഷം 3 ദിവസത്തിനുള്ളിൽ മുൻ പറഞ്ഞവിധം പിഴ സഹിതം കുത്തകക്കാരൻ കിസ്തു അടയ്ക്കാതിരുന്നാൽ കരാർ റദ്ദ് ചെയ്യുന്നതും എന്നാൽ സെക്രട്ടറിക്ക് യുക്തം പോലെ കുടിശ്ശിക കിസ്തു ഒന്നിച്ച് കാലയളവിലേയ്ക്ക് നിർദ്ദിഷ്ട നിരക്കിൽ പിഴയും സെക്രട്ടറി നിശ്ചയിക്കുന്ന അധികപിഴയും ഈടാക്കി കരാറുകാരനു തന്നെ കരാർ തിരിച്ചേല്പിക്കുകയോ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൻമേൽ ടെണ്ടർ വിളിക്കുകയോ നെഗോഷിയേറ്റ് ചെയ്ത് ഏൽപ്പിക്കുകയോ ഡിപ്പാർട്ട്മെന്റിൽ നിന്നും നേരിട്ട് ഫീസ് പിരിക്കുകയൊ ചെയ്യാവുന്നതാകുന്നു.

15. കുത്തകക്കാരനിൽ നിന്നും കിസ്തു ബാക്കിയോ പിഴയോ അധികപിഴയോ ഈടാക്കേണ്ട തായുണ്ടെങ്കിൽ ആയതിലേയ്ക്ക് 9-ാം നിബന്ധനപ്രകാരം കുത്തകക്കാരൻ കെട്ടിവെച്ചിട്ടുള്ള ജാമ്യസംഖ്യ മുതൽക്കൂട്ടുന്നതായിരിക്കും

16 (എ) കോർപ്പറേഷൻ വക കെട്ടിടങ്ങളിലും കലൂർ അറവുശാലയിലും കത്തിക്കുന്ന ഇലക്ട്രിക് വിളക്കുകളുടെ ചാർജും കുളിമുറികൾക്ക് വെള്ളം പമ്പുചെയ്യുന്നതിന് മോട്ടോർ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ ഇലക്ട്രിക് ചാർജും കുത്തകക്കാരൻ അതാതു മാസം ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ബില്ല് വാങ്ങി നേരിട്ട് ഇലക്ട്രിസിറ്റി ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ഈ രസീത് കോർപ്പറേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. യാതൊരു കാരണവശാലും ഈ കറണ്ട് ചാർജും കുത്തകക്കാലത്ത് ബൾബുകൾ മാറ്റിയിടേണ്ടിവന്നാൽ അതിനുള്ള ചിലവും കോർപ്പറേഷൻ വഹിക്കുന്നതല്ല. എന്നാൽ ഒരു മീറ്ററിൽ കൂടുതൽ കുടി ഒന്നിലധികം മുറികളിലേയ്ക്ക് ഇലക്ട്രിക് കഷക്ഷനുള്ള പക്ഷം ഓരോ മാസവും വരുന്ന മൊത്തം ചാർജിന്റെ കോർപ്പറേഷൻ ഓഫീസിൽ നിന്നും നിശ്ചയിക്കുന്ന വിഹിതം ഓഫീസിൽ നിന്നും നേരിട്ട് അറിവുകിട്ടിയാൽ ഏഴു ദിവസത്തിനകം കോർപ്പറേഷൻ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതും മുടക്കം വരുത്തിയാൽ 13-ാം നിബന്ധനയിൽ പറയുന്ന പിഴയോടുകൂടി അടച്ചുകൊള്ളേണ്ടതുമാകുന്നു.

(ബി) കോർപ്പറേഷൻ വക കെട്ടിടങ്ങളിലും കലൂർ അറവുശാലയിലും വാട്ടർ അതോറിററി മുഖേനയുള്ള വാട്ടർ കണക്ഷനിലെ വെള്ളത്തിന്റെ ചാർജ് ഇനത്തിൽ കുത്തകക്കാരൻ അതാതുമാസം വാട്ടർഅതോറിററിയിൽ നിന്നുമുള്ള ബില്ല് വാങ്ങി ടി ഓഫീസിൽ നേരിട്ട് തുക ഒടുക്കി രസീത് കോർപ്പറേഷൻ ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. യാതൊരു കാരണവശാലും കുത്തകക്കാലയളവിൽ അടയ്ക്കുന്ന വാട്ടർചാർജിന്റെ ബാധ്യത കോർപ്പറേഷൻ വഹിയ്ക്കുന്നതല്ല. വാട്ടർ കണക്ഷൻ സംബന്ധിച്ച താൽക്കാലിക അററകുററപണികൾ ചെയ്യേണ്ടതായിവന്നാൽ കുത്തകക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ കോർപ്പറേഷന്റെ അറിവോടെ നിർവ്വഹിക്കേണ്ടതാണ്. അറവുശാല വാട്ടർ ചാർജ് ഇനത്തിൽ ഒന്നര ലക്ഷം രൂപ പലിശരഹിത ഡെപ്പോസിറ്റായി ഒടുക്കേണ്ടതാണ്.

17 ഇലക്ട്രിക്, വാട്ടർ കണക്ഷനുള്ള കെട്ടിടം ലേലം വിളി കൊള്ളുന്നവർ നാലാം നിബന്ധനയിൽ പറയുന്ന അനാമത്ത് സംഖ്യയ്ക്കും പത്താം നിബന്ധനപ്രകാരമുള്ള ജാമ്യ സംഖ്യയ്ക്കും പുറമെ ഓഫീസിൽ നിന്ന് നിർദ്ദേശിക്കുന്ന സംഖ്യ 16-ാം ഖണ്ഡികപ്രകാരം പ്രവർത്തിക്കുന്നതിനുള്ള ഉറപ്പിലേയ്ക്കായി ജാമ്യ സംഖ്യയോടൊപ്പം മുൻ ടെണ്ടർ സംഖ്യയുടെ 10% വരുന്ന തുക ടി ഇനത്തിൽ പലിശയില്ലാത്ത ഡെപ്പോസിറ്റായി കെട്ടിവെയ്ക്കേണ്ടതാണ്. ഈ സംഖ്യ കുത്തകക്കാലത്ത് ഇലക്ട്രിക് ചാർജ് മുഴുവനും അടച്ചുതീർത്ത രസീത് കോർപ്പറേഷൻ ഓഫീസിൽ ഹാജരാക്കുമ്പോൾ കുത്തകക്കാരന് തിരിച്ചുകൊടുക്കുന്നതായിരിക്കും. കുത്തകക്കാരൻ ഇലക്ട്രിക് കമ്പനിയുടെ ബില്ല് പ്രകാരമോ കോർപ്പറേഷൻ ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്നതനുസരിച്ചോ സംഖ്യ അടച്ചു തീർക്കാതെ കുടിശ്ശികയാക്കുന്ന പക്ഷം അത് സംബന്ധിച്ച് കോർപ്പറേഷൻ വഹിക്കേണ്ടിവരുന്ന എല്ലാ ചിലവുകളും നഷ്ടങ്ങളും ടി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതും പോരാതെ വരുന്ന സംഖ്യ 4-ാം ഖണ്ഡിക പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ച് ടെണ്ടറുകാരനിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. സെക്രട്ടറിയുടെ രേഖാമൂലമായ അനുമതി കൂടാതെ കൗൺസിൽ വക പുറമ്പോക്ക് സ്ഥലങ്ങളിലോ കെട്ടിടങ്ങളിലോ യാതൊരു വിധമായ ചമയങ്ങളോ ഭേദഗതികളോ വരുത്തുവാൻ പാടില്ലാത്തതും അങ്ങിനെ വല്ല ചമയങ്ങൾ കാണപ്പെട്ടാൽ കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിൽ കോർപ്പറേഷൻ അവ പൊളിച്ചു നീക്കുന്നതും അതിനുള്ള ചിലവ് കുത്തകക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. അതാത് കുത്തകപ്രകാരം ഏൽപ്പിക്കപ്പെടുന്ന കോർപ്പറേഷൻ വക കെട്ടിടങ്ങൾ അവയിലുള്ള ഇലക്ട്രിക് കണക്ഷനുകൾ ഫീസ് പിരിവ് നടത്തപ്പെടുന്ന സ്ഥലങ്ങളിൽ വച്ചിട്ടുള്ള കോർപ്പറേഷൻ വക നോട്ടീസ് ബോർഡുകൾ ആദിയായ കോർപ്പറേഷൻ വക മുതലുകൾ യാതൊരു കേടുപാടുകൾ വരാതെയും വരുത്താതെയും സൂക്ഷിക്കേണ്ടതും കുത്തകക്കാരന്റെ ചുമതലയാകുന്നു. കുത്തകക്കാരന്റേയോ അയാളുടെ ജോലിക്കാരുടേയോ സൂക്ഷ്മക്കുറവിനാലോ മറ്റ് വല്ല ഹേതുക്കളാലോ വല്ല കേടുപാടുകളും മേൽപ്പറഞ്ഞ വസ്തുക്കൾക്ക് സംഭവിക്കുകയാണെങ്കിൽ ആയത് തൽക്ഷണം തന്നെ കുത്തകക്കാരൻ സ്വന്തം ചിലവിൽ നേരെയാക്കേണ്ടതും, അപ്രകാരം ചെയ്യാതിരുന്നാൽ കൗൺസിലിൽ നിന്നും പ്രസ്തുത പ്രവർത്തി ചെയ്യിച്ച് അതിനുണ്ടാകുന്ന ചെലവ് കുത്തകക്കാരനിൽ നിന്നും വസൂലാക്കിയെടുക്കേണ്ടതുമാകുന്നു.

19. മേൽ 18-ാം നിബന്ധനപ്രകാരം പ്രവർത്തിക്കുന്നതിനു പുറമെ കുത്തകക്കാരനെ ഏൽപ്പിച്ച വല്ല വസ്തുക്കൾക്കും ഏതെങ്കിലും നാശനഷ്ടങ്ങൾ വരുത്തുകയോ വരാൻ അനുവദിക്കുകയോ ചെയ്യുന്നതായാൽ കുത്തകക്കാരൻ കോർപ്പറേഷന് നഷ്ടപരിഹാരമൊടുക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന്റെ സംഖ്യ എത്രയെന്ന് നിശ്ചയിക്കുന്നതിന് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

20. കുത്തകയ്ക്ക് എടുത്തിട്ടുള്ള സ്ഥലം കരാറിൽ പറയുന്ന ആവശ്യത്തിനല്ലാതെ വേറെ യാതൊരാവശ്യങ്ങൾക്കും സെക്രട്ടറിയുടെ പ്രത്യേക അനുമതി കൂടാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല. കുത്തക സ്ഥലങ്ങളിൽ പെട്ട മാർക്കറ്റുകൾ, പീടിക മുറികൾ, സ്റ്റാളുകൾ, മുതലായവ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കോർപ്പറേഷൻ ആക്ടിലെ 4-ാം ഷെഡ്യൂളിൽ പറയുന്ന ഏതെങ്കിലും ശേഖരണമോ വ്യാപാരമോ മറ്റോ ചെയ്യുന്നതായാൽ ടി ആക്ട് പ്രകാരം ആവശ്യമായ ലൈസൻസ് കോർപ്പറേഷനിൽ നിന്നും മുൻകൂട്ടി മേൽപ്രകാരം ശേഖരണമോ വ്യാപാരമോ നടത്തുന്നയാൾ വാങ്ങിയിരിക്കേണ്ടതും ടി വ്യാപാരികൾ കോർപ്പറേഷൻ ആക്ട് പ്രകാരം ഒടുക്കേണ്ടതുമായ മറ്റു ടാക്സിനങ്ങൾ ഒടുക്കുന്നതിന് ഉത്തരവാദികളായിരിക്കുന്നതുമാകുന്നു.

21 ചുങ്കങ്ങൾ, മാർക്കറ്റുകൾ, കശാപ്പുശാലകൾ മുതലായവയുടെ ക്രമീകരണത്തിനും ഭരണത്തിനും വേണ്ടി കോർപ്പറേഷനിൽ നിന്ന് അതാതുകാലത്ത് നിർദ്ദേശിക്കുന്നതും, നിശ്ചയിക്കുന്നതുമായ എല്ലാ നിർദ്ദേശങ്ങളും ചട്ടങ്ങളും എല്ലാ കുത്തകക്കാരും അനുസരിക്കേണ്ടതും കുത്തകക്കാരന്റെ ചിലവിൽ കുത്തകസ്ഥലങ്ങൾ എല്ലായിപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതുമാകുന്നു.

കുത്തകസ്ഥലം എപ്പോഴെങ്കിലും വൃത്തികേടായി കാണപ്പെട്ടാൽ സെക്രട്ടറിയ്ക്ക് കുത്തകക്കാരന് പിഴയിടാവുന്നതും ടി സ്ഥലങ്ങൾ കോർപ്പറേഷൻ കൂലിക്കാരെക്കൊണ്ട് ശുദ്ധിയാക്കി ചിലവ് കുത്തകക്കാരനിൽ നിന്ന് വസൂലാക്കാവുന്നതുമാകുന്നു.

22. കുത്തക സ്ഥലങ്ങളിലേയ്ക്കുള്ള പ്രവേശന സ്ഥലങ്ങളും മാർഗ്ഗങ്ങളും തടസ്സമില്ലാതെ കുത്തകക്കാരൻ സൂക്ഷിക്കേണ്ടതാണ്. കുത്തക സ്ഥലങ്ങളിൽ നിൽക്കുന്ന ചമയങ്ങളുടെ പൂർണ്ണ സംരക്ഷ ഉത്തരവാദിത്വം കുത്തകക്കാരനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

23 (എ) പൊതുആവശ്യങ്ങൾ പ്രമാണിച്ച് കോർപ്പറേഷനിൽ നിന്നും കൊല്ലംതോറും തോടുകളിൽ ഇടേണ്ടിവരുന്ന ബണ്ടുകൾ, ഗതാഗത വാഹനങ്ങളുടെ കുറവ്, റോഡുകളും, കാനകളും മറ്റും നന്നാക്കേണ്ടാവശ്യങ്ങൾക്കായി ഇടക്കാലങ്ങളിൽ റോഡുകളിലെ വാഹനഗതാഗതം നിർത്തൽ ചെയ്യൽ, വാഹനഗതാഗതത്തിൽ കുറവുണ്ടാവുക ആദിയായതുമൂലം യാതൊരു നഷ്ടപരിഹാരവും കുത്തകക്കാരൻ ആവശ്യപ്പെടാൻ പാടില്ലാത്തതും അപ്രകാരമുള്ള യാതൊരപേക്ഷയും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

(ബി) എന്നാൽ പണിമുടക്കം, ലഹള, കൊള്ള, പട്ടാള മേധാവിയുടേയോ ജില്ലാ മേധാവിയുടേയോ ആജ്ഞ, അഗ്നിബാധ, പൊട്ടിത്തെറിക്കൽ മുതലായ അവിചാരിതമായുണ്ടായേക്കാവുന്ന സംഭവങ്ങൾ കാരണമായോ പകർച്ചവ്യാധി വ്യാപിക്കുന്നതു തടയുവാനോ ഏൽപ്പിച്ച് കൊടുക്കപ്പെട്ട ഏതൊരുവക കോർപ്പറേഷൻ കുത്തക സ്ഥലത്തേയും ആവശ്യമെന്നുകണ്ടാൽ കോർപ്പറേഷനിൽ നിന്നും തൽക്കാലത്തേയ്ക്ക് സ്വമേധയാ അടച്ചിടാവുന്നതും അങ്ങനെ

മുൻകൂട്ടി അറിഞ്ഞിരിക്കാനിടയില്ലാത്ത കാരണങ്ങൾകൊണ്ട് അടച്ചിടുന്ന വകയിലേക്കല്ലാതെ മറ്റൊരു കാര്യത്തിലും കുത്തകക്കാരന് യാതൊരുവിധ റെമിഷനും (ഇളവ്) അനുവദിക്കുന്നതല്ല.
(സി) എന്നിരുന്നാലും മേൽ വിവരിച്ചതു സംഭവിക്കുന്നതായാൽ കുത്തകക്കാരന് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങളെ കൗൺസിൽ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്.

24 (എ) ഫീസ്, വാടക മുതലായവ പിരിക്കുന്നതിന് കുത്തകക്കാരൻ അച്ചടിച്ച മെഷീൻ നമ്പറിട്ട രസീതുകൾ കൊടുക്കേണ്ടതും കോർപ്പറേഷൻ ഓഫീസിൽ ഹാജരാക്കി സീൽവെപ്പിച്ച് വാങ്ങിക്കൊള്ളേണ്ടതും അതിന്റെ കുറ്റികൾ പരിശോധനയ്ക്കായി സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരോ ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാകുന്നു. ഈ പരസ്യപ്രകാരം ഫീസ് നിശ്ചയിച്ചിട്ടുള്ള ഇനങ്ങളുടെ കാര്യത്തിൽ ടി നിരക്കുകളേക്കാൾ അധികരിച്ച തോതിൽ കുത്തകക്കാരൻ ഫീസ് വസൂൽ ചെയ്യുവാനോ അധികരിച്ച ഫീസ് വസൂൽ ചെയ്യുവാൻ സമ്മതത്തിന് അപേക്ഷിക്കുവാനോ പാടില്ലാത്തതുമാകുന്നു.

(ബി) എന്നാൽ ഫീസ് പിരിവ് മുതലായവയെ സംബന്ധിച്ച് ഗവൺമെന്റോ, മുൻകൗൺസിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ, സെക്രട്ടറിയോ പുറപ്പെടുവിക്കുന്നതുമായ എല്ലാ ചട്ടങ്ങളും കൽപ്പനകളും യാതൊരു വ്യത്യാസവും കൂടാതെ കുത്തകക്കാരനും അവരുടെ കീഴ്ജോലിക്കാരും അനുസരിച്ച് നടക്കേണ്ടതുമാണ്.

വഞ്ചിത്താവളങ്ങളിൽ നിന്നും കിട്ടേണ്ടതായ ഫീസ് കിട്ടാതെ വരുന്ന പക്ഷം ടി ഫീസ് പിരിക്കുന്നതിനുള്ള നടപടിക്രമം കേരള മുനിസിപ്പൽ ആക്ടിൽ പ്രതിപാദിച്ചിട്ടുള്ളതും അതനുസരിച്ച് കുത്തകക്കാരൻ പ്രവർത്തിക്കുകയുമല്ലാതെ മറ്റുതരത്തിൽ യാതൊരു അവകാശവാദവും കോർപ്പറേഷനിൽ കൊണ്ടുവരുവാൻ പാടില്ലാത്തതാകുന്നു.

25. കുത്തകക്കാരൻ ടെണ്ടർ നിശ്ചയങ്ങളും കരാർ വ്യവസ്ഥകളും ബന്ധപ്പെട്ട ചട്ടങ്ങളും ലംഘിക്കുന്നതായാൽ അപ്രകാരമുള്ള ഓരോ ലംഘനത്തിനും 500/- രൂപയിൽ കവിയാത്ത പിഴ കൽപ്പിക്കുവാനും ടി ലംഘനം മൂലം ആർക്കെങ്കിലും വല്ല നഷ്ടവും ഉണ്ടാക്കിയിട്ടുണ്ടെന്ന് കൗൺസിലിനോ സെക്രട്ടറിക്കോ ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത നഷ്ടം കുത്തകക്കാരനിൽ നിന്ന് ഈടാക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതും ആ വക സംഖ്യകൾ ഒടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും പുറമെ അപ്രകാരമുള്ള കുത്തകക്കാരനെ നഗരസഭയുടെ കീഴിൽ മേലാൽ ഉണ്ടായേക്കാവുന്ന യാതൊരു വക ലേലത്തിലോ ടെണ്ടറിലോ പങ്കുകൊള്ളുന്നതിൽ നിന്നും നിരോധിക്കുന്നതിനും കൗൺസിലിനോ സെക്രട്ടറിക്കോ അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

26. കിസ്തു ബാക്കി ഒഴികെ മേൽ നിശ്ചയങ്ങൾ പ്രകാരം കുത്തകക്കാരനിൽ നിന്നും കൗൺസിലിലേക്കു കിട്ടേണ്ടതായ എല്ലാ സംഖ്യകളും കൗൺസിൽ വക വസ്തുക്കൾക്ക് നേരിട്ട നാശനഷ്ടങ്ങൾക്കുള്ള പ്രതിഫലവും യഥാസമയങ്ങളിൽ അടയ്ക്കുന്നതിന് വീഴ്ച വരുത്തുകയും ഈടാക്കേണ്ടതായിട്ടുണ്ടെങ്കിൽ ആയതിലേയ്ക്ക് രണ്ടാം നിബന്ധനപ്രകാരം അനാമത്തായി കെട്ടിവയ്ക്കുന്ന സംഖ്യ വകവെയ്ക്കുന്നതിനും പോരാതെ വരുന്ന സംഖ്യ കോർപ്പറേഷനിലേയ്ക്ക് കിട്ടേണ്ടതായ നികുതി കുടിശ്ശികയായി പരിഗണിച്ച് കുത്തകക്കാരനിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ വസൂൽ ചെയ്യുന്നതുമാകുന്നു.

27 ഈ പരസ്യത്തിലെ നിശ്ചയങ്ങൾക്കോ ചട്ടങ്ങൾക്കോ കരാറിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള മറ്റു നിബന്ധനകൾക്കോ വിരുദ്ധമായി പ്രവർത്തിച്ചാൽ കുത്തകക്കാരൻ 25-ാം നിബന്ധനയിൽ പറയുന്ന പിഴയ്ക്കും നഷ്ടപരിഹാരത്തിനും വിധേയനാകുന്നതിനു പുറമെ സെക്രട്ടറിയുടേയോ, കൗൺസിലിന്റേയോ, സ്റ്റാന്റിംഗ് കമ്മിറ്റിയുടേയോ യുക്തംപോലെ കരാർ റദ്ദ് ചെയ്തും കുത്തകക്കാരന്റെ നഷ്ടോത്തരവാദത്തിൻമേൽ കുത്തക രണ്ടാമതും ടെണ്ടർ മൂലമോ നെഗോഷിയേറ്റ് ചെയ്തോ വിൽക്കുവാനോ മറ്റേതെങ്കിലും വിധത്തിൽ നടത്തുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്.

28. കുത്തകക്കാരൻ മരണപ്പെടുകയോ, കടപ്പെടുത്തുകയോ, നിർധനരാകുകയോ ചെയ്താൽ അയാളുടെ അവകാശികളോ, പിന്തുടർച്ചക്കാരോ, ബാധ്യസ്ഥൻമാരോ കുത്തകകളിലുള്ള നിശ്ചയങ്ങളും ബാദ്ധ്യതകളും തുടർന്ന് നിറവേറ്റേണ്ടതാകുന്നു. എന്നാൽ അങ്ങനെയുള്ളവർ കുത്തക തുടരേണ്ടതില്ലെന്ന് കൗൺസിൽ തീർച്ചയാക്കിയാൽ തുടർന്നുപോകുവാൻ അവർക്ക് അവകാശമില്ലാത്തതുമാകുന്നു.

29. കുത്തക സെക്രട്ടറിയുടേയോ, കീഴുദ്യോഗസ്ഥൻമാരുടേയോ ശ്രദ്ധയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്നതും കുത്തകക്കാരൻ സെക്രട്ടറിയുടേയോ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരോ അതാതു സമയം കല്പിക്കും പ്രകാരം പ്രവർത്തിക്കേണ്ടതുമാകുന്നു.

30. കരാറിലേയും കുത്തകയിലേയും നിശ്ചയങ്ങളിലേയോ അതിലെ ഉപചട്ടങ്ങളിലേയോ സാരങ്ങൾ സെക്രട്ടറി ഗൗനിക്കുംവിധം കുത്തകക്കാരൻ വഴിപ്പെടേണ്ടതും അത് സെക്രട്ടറിയുടെ തീർപ്പനുസരിച്ച് നടന്നുകൊള്ളേണ്ടതുമാകുന്നു. കൗൺസിൽ അതാതിന്റെ സ്വഭാവം അനുസരിച്ച് ആയത് പരിഗണിക്കുന്നതാണ്.

31. ടെണ്ടറിൽ പങ്കുകൊള്ളുവാൻ ഉദ്ദേശിച്ച് നാലാം നിബന്ധനപ്രകാരം അനാമത്തു കെട്ടിവെയ്ക്കുന്നവർക്കും ഈ പരസ്യ നിശ്ചയങ്ങൾ ബാധകമായിരിക്കും.

32. കൂടുതൽ വിവരങ്ങൾ കോർപ്പറേഷൻ ഓഫീസിലോ മട്ടാഞ്ചേരി സോണൽ ഓഫീസിലോ നേരിട്ടന്വേഷിച്ചറിയേണ്ടതാകുന്നു.

33 ഓരോ ടെണ്ടറുകാരനും ടെണ്ടറിൽ കാണിച്ചിരിക്കുന്ന മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണം (തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവ)
ഓരോ ടെണ്ടറുകാരനും ടെണ്ടറിൽ വീട്ടുപേരിനോടൊപ്പം ഡിവിഷൻ നമ്പറും വീട്ടുനമ്പറും ടെലിഫോൺ നമ്പറും കൂടി കാണിക്കേണ്ടതാണ്.

34. കാലാവധി ഒരു വർഷത്തേയ്ക്കാണെങ്കിലും കോർപ്പറേഷന് ആവശ്യമായി വരുമ്പോൾ 15 ദിവസത്തെ നോട്ടീസ് നൽകി ആനുപാതികമായ കിസ്തു തുക ഈടാക്കിക്കൊണ്ടും കുത്തകാധികാരം റദ്ദു ചെയ്യുന്നതിന് സെക്രട്ടറിയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.

35. വണ്ടിപ്പേട്ടകൾ, പാർക്കിംഗ് പ്ലേസുകൾ, ലാന്റിംഗ് പ്ലേസുകൾ എന്നിവ കുത്തകയ്ക്കെടുക്കുന്നവർ കുത്തക ഏറ്റെടുക്കുന്ന സമയത്ത് നിശ്ചിത നിരക്കിൽ ഇൻകംടാക്സ് ഒടുക്കേണ്ടതും പാൻ നമ്പർ ഹാജരാക്കേണ്ടതുമാണ്. പാൻ നമ്പർ ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.

36. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ മാസവാടക ലൈസൻസ് അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള എല്ലാ ലൈസൻസികളും ഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്കിൽ CGST, SGST, IT എന്നിവ ഒടുക്കേണ്ടതാണ്.

37 കൗൺസിൽ തീരുമാനപ്രകാരം ടെണ്ടർ/ലേലം ഉറപ്പിച്ചതിനുശേഷം നഗരസഭയ്ക്ക് ഉണ്ടാകുന്ന എല്ലാവിധ ധനനഷ്ടത്തിനും ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ആയതുമൂലമുള്ള റവന്യു നഷ്ടം ടെണ്ടറുകാരന്റെ പേരിൽ നിന്നും നിയമപരമായി ഈടാക്കുന്നതുമാണ്.

38. **വണ്ടിപ്പേട്ട, അറവുശാല, കംഫർട്ട് സ്റ്റേഷൻ എന്നീ ടെണ്ടർ ഇനങ്ങളിൽ മുൻ ടെണ്ടർ സംഖ്യയുടെ 15% വരുന്ന തുക പലിശരഹിതമായ ഡെപ്പോസിറ്റായി ഒടുക്കേണ്ടതും 50,000/- രൂപ വരേയുള്ള ടെണ്ടർ തുകകൾ ഒറ്റത്തവണയായി അടക്കേണ്ടതുമാണ്.**

**1. പിരിവുനിരക്കുകൾ**

**1. വണ്ടിപ്പേട്ട നിരക്കുകൾ**

| ക്രമ നമ്പർ | ഇനങ്ങളുടെ വിവരം | എണ്ണം | സമയം ഒരു ദിവസ സമയത്തേക്കോ അതിൽ കുറഞ്ഞ സമയത്തേക്കോ | നിരക്ക് |
|---|---|---|---|---|
| 1. | മോട്ടോറോ, ഗ്യാസോ ആവി ശക്തിയോ ഉപയോഗിക്കുന്ന ബോട്ട് | 1 ന് | | 20 |
| 2. | ടി ബസ്സ് | 1 ന് | ,, | 20 |
| 3. | മോട്ടോർ ജീപ്പ്, വാൻ | 1 ന് | ,, | 10 |

| | | | | |
|---|---|---|---|---|
| 4. | മിനി ബസ്സ് | 1 ന് | ,, | 15 |
| 5. | ടോറസ് ലോറി | 1 ന് | ,, | 30 |
| 6. | ട്രയിലർ | 1 ന് | ,, | 40 |
| 7. | ടൂറിസ്റ്റ് ബസ്സ് | 1 ന് | ,, | 40 |
| 8. | വോൾവോ | 1 ന് | ,, | 50 |

1. സിറ്റിയിലുള്ള ഒരു പേട്ടയിൽ നിന്ന് പാസ്സെടുത്ത ഒരു വാഹനത്തിനോ മൃഗത്തിനോ അതേ ദിവസം തന്നെ, വേറെ പേട്ടകളിൽ നിന്നും ഫീസ് പിരിക്കാൻ പാടില്ലത്തതാകുന്നു.
2. ഗവൺമെന്റു വകയോ കോർപ്പറേഷൻ കൗൺസിൽ വകയോ ആയിട്ടുള്ള വാഹനങ്ങൾക്കും മൃഗങ്ങൾക്കും ഫീസ് ഈടാക്കുവാൻ പാടുള്ളതല്ല. ഏതെങ്കിലും വാഹനത്തിനോ മൃഗത്തിനോ ഫീസ് ഒഴിവാക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് തോന്നുന്ന പക്ഷം അപ്രകാരം തീരുമാനിക്കാൻ സെക്രട്ടറിക്ക് അധികാരമുള്ളതും ആ വാഹനത്തിൻമേലോ മൃഗത്തിൻമേലോ ഫീസ് ചുമത്തുവാൻ പാടില്ലാത്തതുമാകുന്നു.
3. കോർപ്പറേഷനിൽ നിന്നും വണ്ടിപ്പേട്ടകളായി പ്രഖ്യാപിച്ചിട്ടുള്ള അതിർത്തിക്കകത്തു നിർത്തുന്ന വാഹനങ്ങൾക്ക് മാത്രമേ ഫീസ് പിരിക്കുവാൻ പാടുള്ളു. വണ്ടിപ്പേട്ടകളുടെ പരിസരങ്ങളിലുള്ള പുറംപോക്കുകളിൽ നിർത്തുന്ന സ്വകാര്യവാഹനങ്ങൾക്ക് ഫീസ് ചുമത്താൻ പാടില്ലാത്തതുമാകുന്നു. എന്നാൽ ന്യായമായ ഫീസ് കൊടുക്കേണ്ട വാഹനങ്ങൾക്ക് ആയതു കൊടുക്കാതിരിക്കാൻ വേണ്ടി പേട്ട അതിർത്തി വിട്ടു നിർത്തുന്നത് തടയേണ്ട ആവശ്യത്തിനായി പേട്ടകളുടെ അതിർത്തികളിൽ നിന്നും 100 മീറ്റർ വരെയുള്ള പുറമ്പോക്കു സ്ഥലങ്ങളിലോ റോഡുകളുടെ വശങ്ങളിലോ ടി വാഹനങ്ങൾ നിർത്തുന്നത് നിരോധിച്ചിരിക്കുന്നു.
4. വാഹന ഉടമകൾ കോടതിയിൽ നിന്നും സമ്പാദിച്ചിട്ടുള്ള നിരോധന ഉത്തരവിന് വിധേയമായി മാത്രമേ ഫീസ് പിരിക്കുവാൻ പാടുള്ളൂ.

**2. വഞ്ചിത്താവളങ്ങൾ (വള്ളക്കടവുകൾ)**

**(എ) വഞ്ചികളും മച്ചുപായും**

| | | | | |
|---|---|---|---|---|
| 1. | 5 മീറ്റർ കൂടുതൽ നീളമില്ലാത്ത ചെറുവഞ്ചി | 1 ന് | ഒരു ദിവസത്തേക്ക് | 2.00 |
| 2. | 1 മെട്രിക് ടണ്ണിൽ താഴെയുള്ള ചെറുവഞ്ചി | 1 ന് | ,, | 3.00 |
| 3. | 1 മെട്രിക് ടൺ മുതൽ 3 മെട്രിക് ടണ്ണിൽ താഴെയുള്ള വഞ്ചി | 1 ന് | ,, | 6.00 |
| 4. | 3 മെട്രിക് ടൺ മുതൽ 5 മെട്രിക് ടണ്ണിൽ താഴെയുള്ള വഞ്ചി | 1 ന് | ,, | 10.00 |
| 5. | 5 മെട്രിക് ടൺ മുതൽ8 മെട്രിക് ടണ്ണിൽ താഴെയുള്ള വഞ്ചി | 1 ന് | ,, | 12.00 |
| 6. | 8 മെട്രിക് ടൺ മുതൽ 12 മെട്രിക് ടണ്ണിൽ താഴെയുള്ള വഞ്ചി | 1 ന് | ,, | 14.00 |
| 7. | 12 മെട്രിക് ടൺ മുതൽ 20 മെട്രിക് ടണ്ണിൽ താഴെയുള്ള വഞ്ചി | 1 ന് | ,, | 16.00 |
| 8. | 20 മെട്രിക് ടണ്ണിന് മുകളിലുള്ള വഞ്ചികൾ | 1 ന് | ,, | 20.00 |
| 9. | മച്ചുപായ | 1 ന് | ,, | 4.00 |

**(ബി) സ്റ്റീം മോട്ടോർ ബോട്ടുകൾ**

| | | | | |
|---|---|---|---|---|
| 1. | 5 മെട്രിക് ടൺ വരെയുള്ള ബോട്ട് | 1 ന് | „ | 15.00 |
| 2. | 5 മെട്രിക് ടണ്ണും 10 മെട്രിക് ടണ്ണിൽ താഴെയുള്ള ബോട്ട് | 1 ന് | „ | 15.00 |
| 3. | 20 മെട്രിക് ടൺ മുതൽ 15 മെട്രിക് ടണ്ണിൽ താഴെയുള്ള ബോട്ട് | 1 ന് | „ | 20.00 |
| 4. | 15 മെട്രിക് ടൺ മുതൽ 20 മെട്രിക് ടണ്ണിൽ താഴെയുള്ള ബോട്ട് | 1 ന് | „ | 25.00 |
| 5. | 15 മെട്രിക് ടണ്ണും അതിന് മുകളിലുള്ള ബോട്ട് | 1 ന് | „ | 25.00 |
| 6. | ഹൗസ് ബോട്ട് | 1 ന് | „ | 50.00 |

**(സി) വഞ്ചി, ചങ്ങാടം**

| | | | | |
|---|---|---|---|---|
| 1. | ഒറ്റവഞ്ചി – ചങ്ങാടം | 1 ന് | „ | 6.00 |
| 2. | രണ്ടു വഞ്ചി – ചങ്ങാടം | 1 ന് | „ | 10.00 |
| 3. | കൂടുതൽ വഞ്ചിയുള്ള ചങ്ങാടം | 1 ന് | „ | 15.00 |

**(ഡി) മുള, അടയ്ക്കാമരം, തടി, ചങ്ങാടം**

| | | | | |
|---|---|---|---|---|
| 1. | മുള, അടയ്ക്കാമരം, 100 എണ്ണമോ അതിൽ കുറഞ്ഞ ഭാരമോ ഉള്ള പോണ്ടി | 1 ന് | „ | 6.00 |
| 2. | നെടുനാർ 25 എണ്ണമോ അതിൽ കുറവോ ഉള്ള പോണ്ടി | 1 ന് | „ | 2.00 |
| 3. | 10 ചതുരശ്രമീറ്ററിന് താഴെയുള്ള തടി ചങ്ങാടം | 1 ന് | „ | 6.00 |
| 4. | 10 ചതുരശ്രമീറ്ററിന് മീതെയുള്ള തടി ചങ്ങാടം | 1 ന് | „ | 15.00 |
| 5. | കടവുകളിൽ തടി ഇറക്കിയിടുന്നതിന് തട | 1 ന് | „ | 15.00 |

**പ്രത്യേക നിബന്ധനകൾ**

1. മേൽ പറഞ്ഞ ജലവാഹനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ കെട്ടികിടക്കുകയാണെങ്കിൽ, ഒരു ദിവസത്തിനും അതിന്റെ ഭാഗത്തിനും കടവുഫീസിന്റെ പകുതി കെട്ടിക്കിടക്കുന്നതിന്റെ ഫീസായി പിരിക്കാവുന്നതാണ്.
2. ഒരു വാഹനം ദിവസത്തിൽ ഒന്നിലധികം പ്രാവശ്യം ഒരു സ്ഥലത്ത് ഗതാഗതം ചെയ്യുകയാണെങ്കിൽ ഒരേ കടവിൽ അടുക്കുകയോ ചെയ്യുന്നതായാൽ ഒരു പ്രാവശ്യം മാത്രമേ ചുങ്കം വസൂൽ ചെയ്യാൻ പാടുള്ളൂ.
3. ഏറ്റിറക്കു സ്ഥലങ്ങളിൽ ചരക്കിറക്കി വയ്ക്കുന്നതിന് മേൽ കാണിച്ചിരിക്കുന്ന ഏറ്റിറക്കു ഫീസിനു പുറമേ സ്ഥലക്കൂലിയോ മറ്റു യാതൊരു ഫീസോ വസൂലാക്കാൻ പാടുള്ളതല്ല. ജെട്ടികളുടെ പരിസരത്തിൽ തോണികളോ മറ്റു വാഹനങ്ങളോ കേടുപാടു തീർക്കുന്നതിനായി കയറ്റിയിട്ടു കൂടാത്തതാകുന്നു.

4. മട്ടാഞ്ചേരി സോണിലുള്ള കനാൽ ജെട്ടിയിൽ ലൈൻ ബോട്ടുകൾ അടുക്കുന്നതിന് അസൗകര്യപ്പെടത്തക്കവിധത്തിൽ മറ്റു ചെറിയ വഞ്ചികളോ കെട്ടിക്കിടക്കുന്നതിലും പാലസ് ലാൻഡിംഗ് പ്ലേസ് കുത്തകക്കാരൻ അനുവദിക്കാന പാടില്ലാത്തതാകുന്നു.

5. കടവുകൾ തടിയിറക്കുന്നതിന് മട്ടാഞ്ചേരി സോണിൽപ്പെട്ട കരിപ്പാലം വള്ളക്കടവു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

6. കടവുകൾ അടുക്കുന്ന ജലവാഹനങ്ങളിൽ നിന്നും നിരക്കു പട്ടികയനുസരിച്ചുള്ള ഫീസു പിരിക്കുവാനുള്ള അവകാശമായിരിക്കും ലേലം ചെയ്യപ്പെടുന്നത്.

7. എറണാകുളം ബോട്ടുജെട്ടി, ഹൈക്കോടതി ജെട്ടി എന്നിവിടങ്ങളിൽ ജെട്ടിയിൽ അടുപ്പിക്കുന്ന ജലവാഹനങ്ങളിൽ നിന്നും പടിയാത്തുകുളം, മാർക്കറ്റ് ബേസിൻ എന്നിവിടങ്ങളിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്നും മാത്രമേ നിശ്ചിത നിരക്കിൽ ഫീസ് പിരിക്കുവാൻ പാടുള്ളൂ.

8. ഫീസ് പിരിക്കുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം കുത്തകക്കാരനുള്ളതും ഏതെങ്കിലും വാഹന ഉടമ ഫീസ് പിരിവ് നൽകാതിരുന്നാൽ ആയതിന് കിസ്ത് ഇളവ് അനുവദിക്കുന്നതല്ലാത്തതുമാകുന്നു. ഗവൺമെന്റു വകയോ കോർപ്പറേഷൻ വകയോ ആയ ജലവാഹനങ്ങൾക്കും ഗവൺമെന്റ് പണിക്കോ കോർപ്പറേഷൻ വകപണിക്കോ ഉപയോഗപ്പെടുത്തുന്ന സ്വകാര്യവാഹനങ്ങൾക്കും കുത്തകക്കാരൻ ഫീസ് പിരിക്കാൻ പാടില്ല.

### 3. വള്ളക്കടവുകളിലെ പുറമ്പോക്കു സ്ഥലങ്ങൾ

ആദ്യ രണ്ടുമണിക്കൂർ നേരത്തേയ്ക്ക് യാതൊരു ഫീസും പിരിക്കാൻ പാടില്ല.

| | | | |
|---|---|---|---|
| 1. | ഓല, മുള വൈക്കോൽ എന്നീ മേച്ചിൽ സാധനങ്ങൾ | ഓരോ 10 ച. മീറ്ററിനും അതിന്റെ ഭാഗത്തിനും | ആദ്യത്തെ 2 മണിക്കൂറിനുശേഷം രണ്ടാമത്തെ 2 മണിക്കൂർ നേരത്തേക്കും. അതിൽ കുറഞ്ഞ സമയത്തേക്കും 2 രൂപ |
| 2. | ടി | | രണ്ടാമത്തെ 2 മണിക്കൂറിനു ശേഷം അടുത്ത 2 മണിക്കുറിനും അതിന്റെ അംശത്തിനും 2 രൂപ |
| 3 | ടി | | ടി മൂന്നാമത്തെ 2 മണിക്കൂർ കഴിഞ്ഞ് ഓരോ 2 മണിക്കൂറിനും അതിന്റെ ഭാഗത്തിനും 5 രൂപ |
| 4. | വെട്ടുകല്ല്, ഓട്, ഇഷ്ടിക കരിങ്കല്ല്, ചരൽ മുതലായ കെട്ടിടനിർമ്മാണോപകരണങ്ങൾ | ടി | ആദ്യത്തെ 2 മണിക്കൂറിനുശേഷം 2 മണിക്കൂർ നേരത്തേക്കും അതിൽ കുറഞ്ഞ സമയത്തേക്കും 3 രൂപ |
| 5. | ടി | കൂടുതൽ ഓരോ ച. മീറ്ററിനോ ഭാഗത്തിനോ | ആദ്യത്തെ 2 മണിക്കൂറിന് ശേഷം ഓരോ 2 മണിക്കൂർ നേരത്തേക്കും അതിൽ കുറഞ്ഞ സമയത്തേക്കും |

| | | | | |
|---|---|---|---|---|
| | | | | 3 രൂപ |
| 6. | മറ്റു കെട്ടിട നിർമ്മാണ ഉപകരണങ്ങൾ | 25 ച. മീറ്ററിനോ അതിന്റെ ഭാഗത്തിനോ | ടി | 5 രൂപ |
| 7. | ടി | ഓരോ 25 ച. മീറ്ററിനോ അതിന്റെ ഭാഗത്തിനോ | ടി | 5 രൂപ |
| 8. | മറ്റു സാധനങ്ങൾ | 10 ച. മീറ്ററിനോ അതിന്റെ ഭാഗത്തിനോ | ടി | 8 രൂപ |

### പ്രത്യേക നിബന്ധനകൾ

സർക്കാർ ആവശ്യത്തിനോ കൗൺസിലിന്റെ ആവശ്യത്തിനോ പുറമ്പോക്കു സ്ഥലങ്ങളിൽ ഇറക്കി വയ്ക്കുന്ന സാധനങ്ങൾക്ക് ഫീസ് പരിക്കുവാൻ പാടുള്ളതല്ല.

**4. കശാപ്പ് ശാലകൾ**

| | | |
|---|---|---|
| 1. ആട് | 1ന് | 50/-രൂപ |
| 2. മാട് | 1ന് | 100/-രൂപ |
| 3. പന്നി | 1ന് | 50/-രൂപ |

## പ്രത്യേക നിബന്ധനകൾ

1. കോർപ്പറേഷൻ വക കശാപ്പുശാല കെട്ടിടങ്ങൾക്ക് കുത്തകക്കാരന്റെ ശ്രദ്ധക്കുറവിനാലോ മറ്റോ കേടുപാടുകൾ വരുന്നതായാൽ ആയതിനു കുത്തകക്കാരൻ ഉത്തരവാദി ആയിത്തീരുന്നതും ടി പണികൾ കോർപ്പറേഷനിൽ നിന്നും ചെയ്യിച്ച് ചിലവുകൾ കുത്തകക്കാരനിൽ നിന്നും വസൂലാക്കുന്നതുമാകുന്നു.
2. കുത്തകക്കാരൻ കാശാപ്പുമുറികളും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കേ ണ്ടതാകുന്നു. അറവുശാലകുടെ ശുചീകരണകാര്യത്തിൽ അറവുശാലയ്ക്കകത്തും പരിസരത്തും ശുചീകരണം കുത്തകക്കാരൻ തന്നെ ചെയ്യേ ണ്ടതും മൃഗങ്ങളുടെ കുടലും മറ്റു ഉപയോഗശൂന്യമായ വസ്തുക്കളും കുത്തകക്കാരൻ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതുമാണ്. ടി ആവശ്യത്തിനുള്ള വാഹനം, സ്ഥലം കുത്തകക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും കണ്ടുപിടിക്കേ ണ്ടതാണ്.
3. വെറ്റിനറി സർജനോ, ഹെൽത്താഫീസറോ പരിശോധിച്ചു പാസ്സാക്കാത്ത ഒരു മൃഗത്തിനേയും അറക്കുവാൻ പാടില്ലാത്തതും അതിനുശേഷം മനുഷ്യർക്ക് ഭക്ഷിക്കുവാൻ കൊള്ളാവുന്നതെന്നു കാണിക്കുന്ന കൗൺസിൽ മുദ്രയില്ലാതെ അത് നീക്കം ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു.
4. കുത്തകക്കാരൻ ദിവസത്തിൽ രണ്ടു പ്രാവശ്യം കശാപ്പുമുറികൾ വെടിപ്പായി തേച്ചുകഴുകേണ്ടതാണ്.
5. കശാപ്പിനു കന്നുകാലി ഉടമകൾ കശാപ്പിനുമുമ്പ് അനുവദനീയമായ ഫീസ് കുത്തകക്കാരന് കൊടുക്കേണ്ടതും രസീതു വാങ്ങേണ്ടതുമാണ്. കുത്തകക്കാരൻ വെറ്റിനറി സർജൻ പാസ്സാക്കിയ ഉരുക്കളെ മാത്രമേ അറക്കുവാൻ അനുവദിക്കാൻ പാടുള്ളു. അനുവദിച്ചു എന്നു കാണിക്കുന്ന വെറ്റിനറി സർജന്റെ രേഖ വാങ്ങി സൂക്ഷിക്കേ ണ്ടതും, വെറ്റിനറി ഡോക്ടറെ ഏൽപ്പിക്കേ ണ്ടതുമാണ്.
6. കുത്തകക്കാരൻ ധാരാളം ശുദ്ധജലം സൂക്ഷിക്കേണ്ടതാണ്.
7. കശാപ്പു ചെയ്ത മൃഗങ്ങളുടെ കുടലും മറ്റും മൂന്നുമണിക്കൂറിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. നീക്കം ചെയ്തില്ലെങ്കിൽ അവയെ വെറ്റിനറി സർജനോ, സെക്രട്ടറിയോ, ഹെൽത്താഫീസറോ കൽപ്പിക്കും പ്രകാരം കോർപ്പറേഷൻ ഉദ്യോഗസ്ഥർ നീക്കം ചെയ്ത് ഇഷ്ടം പോലെ വിൽക്കുന്നതും വിറ്റു കിട്ടുന്ന സാംഖ്യ കോർപ്പറേഷൻ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതുമാകുന്നു. കുടലുകൾ, മാംസം മറ്റു സാധനങ്ങൾ എന്നിവ കശാപ്പുശാലയിൽ നിന്ന് വിൽക്കാവുന്നതല്ല.
8. അറക്കുവാൻ കൊണ്ടുവരുന്ന മൃഗങ്ങളെ കശാപ്പ് പുരകൾക്കടുത്ത് മേയുന്നതിനോ, കെട്ടി സൂക്ഷിക്കുന്നതിനോ അനുവദിച്ചുകൂടാത്തതുമാകുന്നു. കെട്ടി സൂക്ഷിക്കുവാൻ പ്രത്യേക സ്ഥലമുണ്ടാവുകയാണെങ്കിൽ ഉരുക്കളെ

കൃത്യത്തിനു 24 മണിക്കൂർ മുമ്പായി ഇവിടെ അജ്ഞാനുസരണം കെട്ടി തീറ്റികൊടുത്ത് സൂക്ഷിക്കേണ്ട താണ്.

9. കശാപ്പുപുര അതിർത്തിക്കുള്ളിൽ യാതൊരു വക പന്തലോ മറ്റു വിധത്തിലുള്ള മറകളോ അനുവാദം കൂടാതെ ഇടുവാൻ പാടില്ലാത്തതും എടുപ്പുകൾക്ക് കുത്തകക്കാരന്റെ നോട്ടക്കുറവിലോ പ്രവർത്തിയിലോ വല്ല കേടുപാടുകൾക്കും ഇടവരുന്നതായാൽ അതിന് കുത്തകക്കാരൻ ഉത്തരവാദിയാകുന്നതാണ്.

10. അറക്കുന്നതിനുള്ള കശാപ്പുപുരകൾ കാലത്ത് 6 മണി മുതൽ 9 മണിവരെ മാത്രമേ സാധാരണയായി തുറന്നു വയ്ക്കാൻ പാടുള്ളൂ. മറ്റു സമയങ്ങളിൽ തുറന്നുവയ്ക്കേണ്ടതായാൽ കുത്തകക്കാരൻ മുൻകൂറായി ഹർജി ബോധിപ്പിച്ച് സെക്രട്ടറിയുടെ സമ്മതം വാങ്ങേണ്ടതാണ്. പകൽ 10 മുതൽ 12 മണിവരെ ഉരുക്കളെ ആന്റിമോർട്ടം പരിശോധനയ്ക്കായി കാശാപ്പുശാല പരിസരത്തിനുള്ളിൽ കൊണ്ടുവരേണ്ടതാണ്.

11. അറവുമുറികളിൽ പ്രവർത്തിയെടുക്കുന്ന കാശാപ്പുകാരൻ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുപ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതുമാകുന്നു. (Butctering Licence)

12. ഉൽപ്പാദിപ്പിക്കുന്ന മാംസം മറ്റു സാധനങ്ങൾ എന്നിവ വൃത്തിയായി മൂടി മറച്ച് മാത്രമേ വെളിയിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കാവൂ.

13. മുറിവുകൾ ഏറ്റവരേയും മദ്യപാനം നടത്തിയവരെയും പകർച്ചവ്യാധി മുതലായവകൾ ഏറ്റവരേയും കശാപ്പുശാല പരിസരത്തേക്ക് കടക്കുവാൻ അനുവദിക്കാവുന്നതല്ല.

14. അറവുമുറികളുടെ ചുറ്റുപാടും നായ്ക്കളെ കണ്ടാൽ നോട്ടീസ് കൂടാതെ നശിപ്പിക്കുന്നതാകുന്നു

15. കൊന്ന മൃഗങ്ങളുടെ കുടലുകളും മറ്റും കുട്ടകളിലോ തൊട്ടികളിലോ മൂടികെട്ടിയല്ലാതെ കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.

16. കുത്തകക്കാരൻ ഇപ്പോൾ പ്രാബല്യത്തിലുള്ളവയും മേലിൽ കൗൺസിൽ ഉണ്ടാക്കുന്നതുമായ ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതുമാകുന്നു.

17. ഇങ്ങനെയുള്ള ചട്ടങ്ങൾ അനുസരിച്ചും നടത്താതെയും നടക്കാതെയിരുന്നാൽ സെക്രട്ടറിയ്ക്ക് ഓരോ കുറ്റത്തിനും 250 രൂപ പിഴ കൽപിക്കാനുള്ള അധികാരമുണ്ട്.

18. മാർക്കറ്റുകളിലെ ഏതെങ്കിലും ഇറച്ചിക്കടകൾ ഏതെങ്കിലും കാരണത്താൽ പ്രവർത്തിക്കുന്നില്ലങ്കിൽ ആയതിന് കിസ്ത് ഇളവ് അനുവദിക്കുന്നതല്ല. നിബന്ധന 23-ൽ പറഞ്ഞിരിക്കുന്നതിനു പുറമേ ആയിരിക്കും ഈ വ്യവസ്ഥ. എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും, ഓണം, ദു:ഖവെള്ളിയാഴ്ച, റിപ്പബ്ലിക്ക്ദിനം, ഗാന്ധിജയന്തിദിനം, മുഹറം, ശിവരാത്രി എന്നീ ദിവസങ്ങളിലും കശാപ്പുശാല അടച്ചിടേണ്ടതാണ്. 05/11/85-ലെ 25-ാം കൗൺസിൽ തീരുമാനം.

19. കുത്തകക്കാരൻ സ്വന്തം ചിലവിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതാണ്.

20. കെട്ടുകൂലി ഇനത്തിൽ മാട് ഒന്നിന് 25/-രൂപയും, ആട് ഒന്നിന് 15/-രൂപയും ഈടാക്കുന്നതാണ്.

21. മാടുകളെ കെട്ടുന്ന സ്ഥലം കുത്തകക്കാരൻ സ്വന്തം ചിലവിൽ ദിവസവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

## 5. പബ്ലിക്ക് ബാത്തുറൂമുകളും കംഫർട്ട് സ്റ്റേഷനുകളും ബയോ ടോയ്‌ലറ്റുകളും

| | | | |
|---|---|---|---|
| 1. | കുളി | 1ന് 5 മിനിറ്റുമാത്രം | 5.00/- |
| 2. | കക്കൂസ് ഉപയോഗത്തിന് ഒരു പ്രാവശ്യത്തേയ്ക്ക് | | 2.00/- |

## പ്രത്യേക നിബന്ധനകൾ

1. കുളിമുറിയും അതു സംബന്ധമായുള്ള മറ്റു കെട്ടിടങ്ങൾ, ടാപ്പുകൾ മുതലായവയും പറമ്പും എല്ലായ്പോഴും ശുചിയായും വൃത്തിയായും ഇട്ടുകൊള്ളേണ്ടതും അതാതുകൾക്ക് അതാതുസമയം വേണ്ടിവരുന്ന പി.സി.ആർ. പണികൾ ലേലക്കാരൻ സ്വന്തം ചിലവിൽ ചെയ്യിക്കേണ്ടതും കൂടാതെ യാതൊരു കേടുപാടുകളും വരുത്താതെ സൂക്ഷിച്ചുകൊള്ളേണ്ടതുമാണ്.

2. അവിചാരിതാമായി വല്ലകാരണവശാലും കുഴൽ വെള്ളം കിട്ടാതെ വന്നാൽ അതിനു കോർപ്പറേഷൻ യാതൊരു വിധത്തിലും ഉത്തരവാദിയല്ല.

3. കുളിമുറികൾ രാവിലെ 5 മണിമുതൽ 10 മണിവരെ പൊതുജനങ്ങൾക്ക് കുളിക്കുവാൻ തുറന്നുവയ്ക്കേണ്ടതാണ്.

4. ഒരു കുളിക്ക് 5 മിനിറ്റിൽ കൂടുതൽ സമയം അനുവദിക്കാൻ പാടില്ലാത്തതും ഒന്നിന് 5 രൂപ വീതം ഈടാക്കാവുന്നതുമാണ്.

5. ഇലക്ട്രിസിറ്റി ചാർജ്ജ് കുത്തകക്കാരൻ വഹിക്കേണ്ടതാണ്. കൂടാതെ അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കുന്നതിന് ബോർഡ് ആവശ്യപ്പെട്ടാൽ അതും കുത്തകക്കാരൻ വഹിക്കേണ്ടതാണ്.

6. കുത്തകക്കാരൻ വാട്ടർ ചാർജ്ജ് ഡെപ്പോസിറ്റായി 10,000/- രൂപയും കറണ്ട് ഡെപ്പോസിറ്റായി 10000/- രൂപയും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്.

7. കംഫർട്ട് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ജലത്തിന് നിശ്ചിത വില കുത്തകക്കാരൻ നൽകേണ്ടതാണ്. ജല അതോറിറ്റി അപ്പപ്പോൾ നൽകുന്ന ബിൽ മുഴുവനായും കുത്തകക്കാരൻ ഒടുക്കേണ്ടതാണ്. പരിശോധനയ്ക്ക് കോർപ്പറേഷൻ ഓഫീസിൽ ഹാജരാകേണ്ടതാണ്.

8. ബാത്ത്റൂമിലെ പൈപ്പ്, ടാപ്പ്, ഷവർ, ബൾബ് മുതലായവ ഉപകരണങ്ങൾക്ക് നാശനഷ്ടം വരാതിരിക്കുവാൻ വേണ്ടി 1000/- രൂപ സെക്യൂരിറ്റിയായി ലേലം ഉറപ്പിച്ചാൽ ഉടനെ കെട്ടിവയ്ക്കേണ്ടതാണ്.

## 6 മാർക്കറ്റുകൾ

| Sl. No. | ഇനം | അളവ് | നിരക്ക് |
|---|---|---|---|
| 1. | കായ്കറികൾ, പച്ചക്കറി സാധനങ്ങൾ | 15. കിലോ കെട്ട് 1ന് | 2.00 |
| 2. | കായ്കറികൾ, പച്ചക്കറി സാധനങ്ങൾ | 15 കിലോ മുതൽ 30 കിലോ വരെ | 3.00 |
| 3. | കായ്കറികൾ, പച്ചക്കറി | 30 കിലോ മുതൽ 50 കിലോ വരെ | 8.00 |
| 4. | കായ്കറികൾ, പച്ചക്കറി സാധനങ്ങൾ | 50 കിലോയിൽ കൂടുതൽ | 12.00 |
| 5. | പനമ്പുകെട്ട്, വാഴയില, വെറ്റില മുതലായവ | ചുമട് 1ന് | 3.00 |
| 6. | അടയ്ക്ക | ചാക്ക് 1ന് | 8.00 |
| 7. | പാക്ക്, കുട്ട, മുറം, തൊട്ടി, ഇഞ്ചക്കെട്ട് മുതലായവ | ചുമട് 1ന് | 8.00 |
| 8. | മെത്തപ്പായ് | ചുമട് 1ന് | 8.00 |
| 9. | നാളികേരം, ഇളനീർ | ഒരോ 20ന് അതിന്റെ ഭാഗത്തിന് | 8.00 |
| 10. | അവിൽ, മലർ, ബിസ്ക്കറ്റ് പലഹാരങ്ങൾ ഇവ | ചാക്ക് അല്ലെങ്കിൽ കുട്ട ഒന്നിന് | 3.00 |
| 11. | മാങ്ങ, പുളി | 50 കിലോ വരെ | 8.00 |
| 12. | മാങ്ങ, പുളി | 50 കിലോയിൽ കൂടുതൽ | 11.00 |
| 13. | മരപ്പാത്രങ്ങൾ, ഇരുമ്പുസാധനങ്ങൾ, തുണിത്തരങ്ങൾ, പുകയിലക്കെട്ട് മുതലായവ | ചുമട് 1ന് | 5.00 |
| 14. | മുട്ട | 100 ന് അംശത്തിനും | 8.00 |
| 15. | മുട്ട | 100 ന് മുകളിൽ ഒരോ ചുമടിനും | 11.00 |
| 16. | തക്കാളി | 10 കിലോ വരെ കൂട ഒന്നിന് | 2.00 |
| 17. | തക്കാളി | 10 കിലോ മുതൽ 20 കിലോ വരെ കൂട ഒന്നിന് | 3.00 |
| 18. | തക്കാളി | 20 കിലോയ്ക്ക് മീതെ കൂട ഒന്നിന് | 3.00 |
| 19. | കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ | ചുമട് 1ന് | 5.00 |
| 20. | കപ്പ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ | 50 കിലോയിൽ കൂടുതൽ | 8.00 |
| 21. | ടി ലോറിയിൽ വരുന്നതിന് | 1 ടണ്ണിനോ അംശത്തിനോ | 105.00 |
| 22. | കോഴി, താറാവ്, തത്ത മുതലായവ | 1ന് | 3.00 |
| 23. | ആട്ടിൻകുട്ടി | 1ന് | 8.00 |
| 24. | ആട് | 1ന് | 15.00 |

| | | | |
|---|---|---|---|
| 25. | കന്നുകാലി കുട്ടി | 1ന് | 8.00 |
| 26. | കന്നുകാലി | 1ന് | 23.00 |
| 27. | മാംസം വിൽപ്പന ചെയ്യുന്നതിന് | ആടിന്റെ മാംസം | 23.00 |
| 28. | മാംസം വിൽപ്പന ചെയ്യുന്നതിന് | 1 മാടിന്റെ മാംസം | 30.00 |
| 29. | പച്ചമരുന്ന് | ചെറിയകെട്ട് 1ന് | 2.00 |
| 30. | പച്ചമരുന്ന് | വലിയകെട്ട് 1ന് | 3.00 |
| 31. | കായക്കുല, ചക്ക മുതലായവ | 1ന് | 3.00 |
| 32. | അാംസം | പാള 1ന് | 3.00 |
| 33. | മത്സ്യം | കുട്ട 1ന് | 8.00 |
| 34. | ഉണക്കമത്സ്യം | കുട്ട അല്ലെങ്കിൽ ചാക്ക് 1ന് | 8.00 |
| 35. | ഓല 5 കെട്ടുവരെ, വയ്ക്കോൽ 100 മുടി വരെ | ചുമട് 1ന് | 5.00 |
| 36. | ഉപ്പ് | ചാക്ക് 1ന് | 3.00 |
| 37. | ധാന്യങ്ങൾ, ശർക്കര, മുളക്, പഞ്ചസാര | ചാക്ക് 1ന് | 8.00 |
| 38. | എണ്ണ, വെളിച്ചെണ്ണ, വിനാഗിരി | 15 ലിറ്റർ ടിൻ 1ന് | 8.00 |
| 39. | ഇത്തിൾ ചുണ്ണാമ്പ് | കുട്ട അല്ലെങ്കിൽ ചുമട് 1ന് | 3.00 |
| 40. | ഓല, തെങ്ങിൻതൈ, അടയ്ക്കാമരതൈ | 5 നും അംശത്തിനും | 2.00 |
| 41. | മറ്റു ഫലവൃക്ഷങ്ങൾ | 5 നും അംശത്തിനും | 3.00 |
| 42. | സാറാപ്പൻമാർ, കത്തിവിൽപ്പനക്കാർ, തുന്നൽക്കാർ മുതലായവർ | ആൾ ഒന്നിന് | 3.00 |
| 43. | മൺ പാത്രങ്ങൾ | ചുമട് 1ന് | 3.00 |
| 44. | മേൽവിവരിച്ച ഇനങ്ങളിൽ പെടാതെ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന ഏതെങ്കിലും സാധനങ്ങൾ | 25 കിലോ താഴെ ചുമട് 1ന് | 3.00 |
| 45. | മേൽവിവരിച്ച ഇനങ്ങളിൽ പെടാതെ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന ഏതെങ്കിലും സാധനങ്ങൾ | 25 കിലോ മീതെ ചുമട് 1ന് | 6.00 |
| 46. | പപ്പടം | 20 കെട്ടുവരെ | 2.00 |
| 47. | സ്റ്റേഷനറി സാധനങ്ങൾ | വിരി 1ന് | 2.00 |
| 48. | വിത്തുതരങ്ങൾ, കുപ്പി മരുന്നുകൾ | വിരി 1ന് | 3.00 |
| 49. | പ്ലാവില | ചുമട് 1ന് | 5.00 |
| 50. | ചെറുനാരങ്ങ, കറിനാരങ്ങ | ചാക്ക് 1ന് | 5.00 |
| 51. | ഐസ് | 1 ബ്ലോക്ക് | 3.00 |
| 52. | ചിരട്ട, കൊതുമ്പ് | 1000 ത്തിനോ അംശത്തിനോ | 3.00 |
| 53. | സവാള, ഉള്ളി | ചാക്ക് 1ന് | 5.00 |

## പ്രത്യേക നിബന്ധനകൾ

ഒരു ചുമട് 50 കി. എന്നു കണക്കാക്കേണ്ടതാണ്.

1. നിരക്കനുസരിച്ചുള്ള ഫീസ് കുത്തകക്കാരന് കൊടുത്ത് മാർക്കറ്റിൽ കൊണ്ടുവരുന്ന കൊട്ടക്കാരോടും മത്സ്യം വാങ്ങി ചില്ലറയായി വിൽക്കുന്നവരോടും യാതൊരു വക ഫീസും വസൂലാക്കാൻ പാടുള്ളതല്ല.
2. മാർക്കറ്റിനകത്തുള്ള സ്റ്റാളുകൾ ഏറ്റിരിക്കുന്നവർ തങ്ങളുടെ സ്റ്റാളും പരിസരങ്ങളും അവരുടെ ചിലവിൽ വൃത്തിയായി സൂക്ഷിപ്പാൻ ഉത്തരവാദികളാണ്.

3. കുത്തകക്കാരന്റെ അനുവാദം കൂടാതെ യാതൊരാളും സ്റ്റാളിൽ ഇരിക്കാനോ ഇരിപ്പാൻ അനുവദിക്കാനോ പാടുള്ളതല്ല. അങ്ങനെയുള്ളവരെ സെക്രട്ടറിയുടെ ഉത്തരവിൻ പ്രകാരം പുറത്താക്കാവുന്നതാണ്.

4. സ്റ്റാളിൽ കന്നുകാലികളെ കൊണ്ടുവരാനോ കെട്ടിസൂക്ഷിപ്പാനോ പാടുള്ളതല്ല.

5. സെക്രട്ടറിയുടെ രേഖാമൂലമായ അനുവാദം കൂടാതെ സ്റ്റാളുകൾ അവയ്ക്ക് ഉദ്ദേശിച്ചിരിക്കുന്നതായ ഉപയോഗങ്ങൾക്കല്ലാത്ത മറ്റു പ്രകാരത്തിൽ വിനിയോഗിക്കാൻ പാടുള്ളതല്ല.

6. മത്സ്യമാംസാദികൾ, പച്ചക്കറി മാർക്കറ്റിൽ കൊണ്ടുവരികയോ, വിൽക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

7. ചന്തയിൽ കന്നുകാലികളെ നിർത്തുവാനോ, തുകൽ, എല്ല്, വളം മുതലായവ ശേഖരിക്കുയാനോ മത്സ്യം, മാംസം ഇവ ഇറക്കുവാനോ, പപ്പടം ഉണക്കുവാനോ പാടുള്ളതല്ല.

8. മാർക്കറ്റിൽ അനുവാദം കൂടാതെ പന്തലാകട്ടെ വെയിൽ മറയാകട്ടെ ചായ്പുകൾ, അടുപ്പുകൾ എന്നിവ ഉണ്ടാക്കുവാൻ പാടുള്ളതല്ല.

9. എല്ലാ ഭക്ഷണസാധനങ്ങളും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായിരിക്കുന്നതും മനുഷ്യർക്ക് ഭക്ഷിക്കുവാൻ കൊള്ളാത്ത ഭക്ഷ്യപദാർത്ഥങ്ങളുടെ വിൽപനയ്ക്ക് അനുവദിക്കുന്നതല്ലാത്തതും അങ്ങനെയുള്ള സാധനങ്ങൾ മാർക്കറ്റിനകത്തുവച്ച് വിൽക്കുന്നതും ഹെൽത്ത് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശപ്രകാരം ലേലക്കാരൻ നിരോധിക്കേണ്ടതാണ്.

10. പകർച്ചവ്യാധിയുള്ള യാതൊരാളും മാർക്കറ്റിൽ കടക്കുവാനോ വച്ച ഭക്ഷണസാധനങ്ങൾ വിൽക്കുവാനോ കൊടുക്കുവാനോ കുത്തകക്കാരൻ അനുവദിക്കുവാൻ പാടുള്ളതല്ല.

11. പൊതുക്ഷേമത്തിനും ആരോഗ്യരക്ഷയ്ക്ക് വേണ്ടിയും മറ്റും സെക്രട്ടറിയോ കൗൺസിലോ അതാതു സമയം നിശ്ചയിക്കുന്ന നിയന്ത്രണങ്ങൾ ലേലക്കാരൻ പാലിക്കേണ്ടതാകുന്നു.

12. മാർക്കറ്റിനകത്ത് സുരക്ഷിതമല്ലാത്ത വിളക്കുകൾ ഉപയോഗിക്കുകയോ തീ കത്തിക്കുകയോ ചെയ്യാൻ പാടുള്ളതല്ല മാർക്കറ്റിനകത്തുവച്ച് പലഹാരങ്ങളും മറ്റും ഉണ്ടാക്കുന്നതിനുവേണ്ടി തീ കത്തിപ്പാൻ സെക്രട്ടറിയുടെ പ്രത്യേക അനുവാദം കൂടാതെ പാടുള്ളതല്ല.

13. മാർക്കറ്റ് രാവിലെ 6 മണിക്കുമുമ്പും സൂര്യൻ അസ്തമിച്ച് 10 മണിക്കുശേഷവും തുറന്ന് വെയ്ക്കുവാൻ പാടുള്ളതല്ല.

14. ഒരോ തരം സാധനങ്ങളെ വിൽപ്പാനോ വിൽപ്പനയ്ക്കായി തുറന്നുവെയ്പ്പാനോ വേണ്ടി വെവ്വേറെ സ്ഥലങ്ങൾ കോർപ്പറേഷൻ കൗൺസിലിൽ നിന്നും നിശ്ചയിക്കുന്നതും അപ്രകാരമുള്ള നിശ്ചയത്തെ മാർക്കറ്റിൽ പരസ്യമായി കാണാവുന്ന സ്ഥലത്ത് നോട്ടീസ് എഴുതി പതിക്കുന്നതും കുത്തകക്കാരൻ എല്ലാ വിൽപ്പനക്കാരെ കൊണ്ടും ആ നോട്ടീസ് അനുസരിച്ച് നടത്തിപ്പിക്കേണ്ടതുമാകുന്നു.

15. മാർക്കറ്റിനകത്ത് മുറ്റത്തിരുന്ന് കച്ചവടങ്ങൾ ചെയ്യുന്നത് സെക്രട്ടറിയുടെ പ്രത്യേക അനുവാദപ്രകാരമുള്ള സ്ഥലങ്ങളിൽ മാത്രമേ പാടുള്ളൂ.

16. മാർക്കറ്റിനും പീടിക മുറികൾക്കും സംഭവിക്കുന്ന എല്ലാ കേടുപാടുകൾക്കും കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാകുന്നു. ഇവകൾക്ക് കാലാകാലങ്ങളിൽ ചെയ്യേണ്ടുന്ന റിപ്പയർ പണികൾ (പി.സി.ആർ) കുത്തകക്കാരനും പീടിക മുറികൾ കൂലിക്ക് എടുത്തിരിക്കുന്ന ആളുകളും ചെയ്യിക്കേണ്ടതും ആ വക ചിലവിൽ യാതൊരുഅവകാശവും കോർപ്പറേഷനിലേയ്ക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാകുന്നു.

17. സെക്രട്ടറിയുടെ അനുവാദം കൂടാതെ താൽക്കാലികമായോ സ്ഥിരമായോ യാതൊരു ഭേദഗതിയും മാർക്കറ്റിൽ വരുത്തുവാൻ പാടുള്ളതല്ല.

18. മേൽപ്പറഞ്ഞ നിശ്ചയം കൊണ്ടു സെക്രട്ടറിയ്ക്ക് നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രവത്തിക്കുന്നതും തടസ്സമാകുന്നതല്ല.

19. മാർക്കറ്റിൽപ്പെട്ട സ്ഥലം കുത്തകക്കാരൻ ചുരുങ്ങിയത് 24 മണിക്കൂറിൽ ഒരിക്കലെങ്കിലും അടിച്ച് വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കി ഇടേണ്ടതും അതിൽ നിന്നും കിട്ടുന്ന ചവറുകളും അഴുക്കുകളും ഇടുന്നതിന് വച്ചിട്ടുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയി ഇടുവിക്കേണ്ടതാകുന്നു.

20. മാർക്കറ്റിൽപ്പെട്ട സ്ഥലം പൂട്ടുന്നതിനു മുമ്പായി അവിടെ ഉപയോഗിക്കുന്ന വിളക്കുകൾ കെടുത്തുന്നതിനുള്ള ചുമതല ലേലക്കാരനുള്ളതാകുന്നു.

21. 20 മിനിട്ടിൽ കൂടുതലായി യാതൊരു വണ്ടിയും മാർക്കറ്റിനകത്ത് നിർത്തുവാൻ പാടുള്ളതല്ല.

22. മദ്യപിച്ചിട്ടുള്ളവരെയും, അലഞ്ഞുതിരിഞ്ഞു നടക്കുന്നവരേയും, യാചകൻമാരേയും, കലഹിക്കുന്നവരേയും, ആഭാസമായി സംസാരിക്കുന്നവരേയും, ലഹള ഉണ്ടാക്കുന്നവരേയും, പകർച്ചവ്യാധിയുള്ളവരേയും മാർക്കറ്റിൽ നിന്നും ലേലക്കാരൻ പുറത്താക്കേണ്ടതാണ്.

23. മാർക്കറ്റിനകത്ത് നായ്ക്കളെ കടത്തുവാൻ പാടുള്ളതല്ല. വല്ല നായ്ക്കളേയും മാർക്കറ്റിനകത്ത് കണ്ടാൽ അവയെ അലഞ്ഞു നടക്കുന്ന നായ്ക്കളായി കരുതി അപ്രകാരം നശിപ്പിക്കേണ്ടതാകുന്നു.

24. മാർക്കറ്റിലെ ഏതെങ്കിലും സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുകയോ ഏതെങ്കിലും ദിവസങ്ങളിൽ അവധിയായിരിക്കുകയോ ചെയ്താൽ ആയതിന് കുത്തകക്കാരന് കിസ്ത് ഇളവ് ലഭിക്കുന്നത.

25. ബേയ്സിൻ റോഡിലെ കായ്ക്കുല ഗ്രൗണ്ടിൽ ഇറക്കുന്ന മത്സ്യത്തിന്റെയോ, മറ്റിനങ്ങളുടേയോ പിരിവ് ഗ്രൗണ്ട് കുത്തകക്കാരന് എടുക്കുവാൻ പാടുള്ളതല്ല. ആയത് മാർക്കറ്റ് പിരിവിൽ ഉൾപ്പെടുന്നതാണ്.

**ശ്മശാനം നടത്തിപ്പ് പ്രത്യേക നിബന്ധനകൾ**

1. സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ ടി ശ്മശാനത്തിന്റെ കെട്ടിടത്തിലോ കോമ്പൗണ്ടിലോ മറ്റോ യാതൊരുവിധ ചമയങ്ങളോ ഭേദഗതികളോ വരുത്തുവാൻ പാടില്ലാത്തതും നഗരസഭയിൽ നിന്നും അനുവദിച്ചിട്ടില്ലാത്ത വസ്തുവകകളോ വാഹനങ്ങളോ സൂക്ഷിക്കാൻ പാടില്ലാത്തതുമാണ്. അങ്ങിനെ വല്ല ചമയങ്ങൾ/ഭേദഗതികൾ/ വസ്തുവകകൾ/വാഹനങ്ങൾ കാണപ്പെട്ടാൽ കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിൽ നഗരസഭ അവ നീക്കം ചെയ്യുന്നതും അതിനുള്ള ചെലവ് കുത്തകക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
2. വാട്ടർ ചാർജ്ജും, വൈദ്യുതി ചാർജ്ജും അതാതുമാസം തന്നെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ബില്ല് വാങ്ങി കുത്തകക്കാരൻ നേരിട്ട് ടി ഓഫീസുകളിൽ അടച്ച് രസീത് വാങ്ങേണ്ടതും ആയത് നഗരസഭയിൽ അതാതുമാസം ഹാജരാക്കേണ്ടതുമാണ്. യാതൊരു കാരണവശാലും കുത്തക കാലയളവിൽ അടക്കേണ്ട ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുടെ ബാധ്യത നഗരസഭ വഹിക്കുന്നതല്ല. വാട്ടർ കണക്ഷൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ സംബന്ധിച്ച താല്ക്കാലിക അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായി വന്നാൽ കുത്തകക്കാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നഗരസഭയുടെ അറിവോടെ നിർവ്വഹിക്കേണ്ടതാണ്. കൂടാതെ ശ്മശാനം ഭംഗിയായി പരിപാലിക്കുന്നതിനും ഡീസൽ ജനറേറ്റർ സെറ്റിനും മറ്റും ഉണ്ടാകുന്ന പ്രവർത്തന/ ആവർത്തന/പരിപാലന ചെലവുകൾ കുത്തകക്കാരൻ വഹിക്കേണ്ടതാണ്.
3. ടെണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഉപയോഗം, നിരക്ക് മുതലായ കാര്യങ്ങൾ തൃപ്തികരമല്ലെന്ന് തോന്നുന്നപക്ഷം യാതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനും ടെണ്ടറുകാരുമായോ, താത്പര്യമുള്ളവരുമായോ, കൂടിയാലോചിച്ച് നടത്തിപ്പ് അവകാശം ഏൽപ്പിക്കുന്നതിനും നഗരസഭയ്ക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കും. ഒരു ടെണ്ടർ നിലനിൽക്കുമ്പോൾ തന്നെ കോർപ്പറേഷനു ഗുണകരമായി വരുന്ന ഏത് ഓഫറുകളും സ്വീകരിക്കുന്നതിനും ടെണ്ടർ തള്ളിക്കളയുന്നതിനും നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതും അത്തരം അവസ്ഥ സംജാതമായാൽ ടെണ്ടറുകാരനോ അദ്ദേഹത്തിന്റെ അവകാശികൾക്കോ കോടതിയിൽ ചോദ്യം ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതുമല്ല.
4. ടെണ്ടർ ലഭിച്ചയാൾ നിശ്ചിത സമയപരിധിക്കുള്ളിൽ വ്യവസ്ഥകൾ പാലിച്ച് കുത്തകാവകാശം ഏറ്റെടുത്തതിനുശേഷം മാത്രമേ ടെണ്ടർ ഉറപ്പിക്കാത്തവരുടെ നിരതദ്രവ്യവും മറ്റുരേഖകളും മടക്കി നൽകുകയുള്ളു.

5. നഗരസഭയുടെ അനുമതി കൂടാതെ കുത്തകാവകാശം കൈമാറ്റം ചെയ്യുകയോ കീഴ്കരാറായി ഏൽപ്പിച്ചുകൊടുക്കുകയോ മറ്റോ ചെയ്യാൻ പാടില്ലാത്തതും അത്തരം കാര്യങ്ങൾ നടത്തിയതായി ശ്രദ്ധയിൽ പെട്ടാൽ കുത്തകാവകാശം കാരണം കാണിക്കാതെ ഉടനടി റദ്ദാക്കുന്നതുമാണ്.

6. ശ്മശാനം നടത്തിപ്പ് സംബന്ധിച്ച് പൊതുതാല്പര്യം കണക്കിലെടുത്ത് നഗരസഭ യുക്താനുസരണം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിബന്ധനകളും അംഗീകരിച്ചും അനുസരിച്ചും കുത്തകക്കാരൻ പ്രവർത്തിക്കേണ്ടതാണ്.

7. കുത്തകക്കാരൻ ഏതെങ്കിലും തുക നഗരസഭയിൽ യഥാസമയം ഒടുക്കാതെ വീഴ്ച വരുത്തുന്നപക്ഷം കുത്തകക്കാരന്റെ/ജാമ്യക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ ആദ്യം ചാർത്തിയതായി ചാർജ്ജ് ചെയ്ത കുടിശ്ശിക എന്ന കണക്കിൽ എടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

8. കുത്തകക്കാരൻ മരണപ്പെടുകയോ, നിർദ്ധനനാവുകയോ മറ്റുവിധത്തിൽ കാണാതാവുകയോ ചെയ്താൽ ടിയാന്റെ അവകാശികളോ പിൻതുടർച്ചക്കാരോ ബാദ്ധ്യസ്ഥൻമാരോ കുത്തക വ്യവസ്ഥകളും ബാദ്ധ്യതകളും തുടർന്നും നിറവേറ്റേണ്ടതും പാലിക്കേണ്ടതുമാണ്. എന്നാൽ അങ്ങനെ ഉള്ളവർ കൈവശാവകാശം തുടരേണ്ടതില്ല എന്ന് തീരുമാനിക്കുന്നപക്ഷം അവർ ഉടൻ ഒഴിയേണ്ടതാണ്.

9. കുത്തകയേൽക്കുന്ന പക്ഷം ഈ ടെണ്ടർ വ്യവസ്ഥകൾക്കും കരാർ വ്യവസ്ഥകൾക്കും പുറമെ നഗരസഭയുടെ പൊതുടെണ്ടർ വ്യവസ്ഥകൾക്കും നിയമങ്ങൾക്കും കെ.എം.ആക്ട് വകുപ്പ് 485 മുതൽ 489 വരെയുള്ള വകുപ്പിലെ വ്യവസ്ഥകൾക്കും 491–ാം വകുപ്പിനും വിധേയമായി കുത്തകക്കാരൻ പ്രവർത്തിക്കേണ്ടതും നഗരസഭാ കൗൺസിൽ അംഗീകരിച്ച ശ്മശാന നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള ബൈലോ കർശനമായി പാലിക്കേണ്ടതുമാണ്. മൃതദേഹം ദഹിപ്പിക്കുന്നതിന് ഗ്യാസ് ഫർണസിൽ 2,500/–രൂപയും, വിറക് ഫർണസിൽ 2,000/–രൂപയും ഈടാക്കുന്നതാണ്. ഫീസ് ഈടാക്കുന്നതിന് നഗരസഭ സീൽ പതിപ്പിച്ച രസീതു നൽകേണ്ടതും ആയതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് കൃത്യമായ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

10. ഏതെങ്കിലും ടെണ്ടർ നിശ്ചയങ്ങളോ, ഉടമ്പടി വ്യവസ്ഥകളോ ബന്ധപ്പെട്ട ചട്ടങ്ങളോ നിയമങ്ങളോ ലംഘിക്കുന്നപക്ഷം നഗരസഭ അധികാരികൾക്ക് തൃപ്തികരമാംവണ്ണം കുത്തകക്കാരനിൽ നിന്നും പിഴ ഈടാക്കുവാനും ആവശ്യമെന്നുകണ്ടാൽ ഏതവസരത്തിലും നോട്ടീസ് നൽകി കുത്തകാവകാശം റദ്ദാക്കുവാനും സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

11. ബൈലോ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുകളേക്കാൾ അധികരിച്ച തോതിൽ കുത്തകക്കാരൻ ഫീസ് വസൂൽ ചെയ്യുവാനോ, അധികരിച്ച ഫീസ് വസൂൽ ചെയ്യുവാൻ സമ്മതത്തിന് അപേക്ഷിക്കുവാൻ പാടില്ലാത്തതുമാണ്. ഫീസ് ഈടാക്കുന്നതിന് കുത്തകക്കാരൻ അച്ചടിച്ച മെഷീൻ നമ്പറിട്ട രസീതുകൾ നഗരസഭ ഓഫീസിൽ ഹാജരാക്കി സീൽ വെപ്പിക്കേണ്ടതും രസീതുകൾ നൽകിയതിനുശേഷം കുറ്റികൾ പരിശോധനയ്ക്കായി സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരോ ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതു മാണ്. ഫീസ് നിരക്കുകൾ ശ്മശാനങ്ങളിൽ പൊതുജനങ്ങൾ കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ട താണ്.

12. ഫീസ് ഈടാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റോ, മുൻകൗൺസിലോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ, സെക്രട്ടറിയോ പുറപ്പെടുവിക്കുന്ന എല്ലാ ചട്ടങ്ങളും കൽപ്പനകളും യാതൊരു വ്യത്യാസവും കൂടാതെ കുത്തകക്കാരനും അവരുടെ കീഴ്ജോലിക്കാരും അനുസരിക്കേണ്ടതാണ്.

13. ശ്മശാനത്തിലെ കെട്ടിട ഭാഗങ്ങളും പരിസരവും കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും എപ്പോഴും വൃത്തിയായും തടസ്സങ്ങളില്ലാതെയും സൂക്ഷിക്കേണ്ടതാണ്.
14. കുത്തക ഉറപ്പിച്ചതിനുശേഷം ബൈലോയുടെ പകർപ്പ് കുത്തകക്കാരന് ആവശ്യപ്പെടാവുന്നതും ആയത് ശ്മശാനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

## 11 ടെണ്ടർ വിവരപട്ടിക

കൊച്ചി നഗരസഭയുടെ എറണാകുളം അതിർത്തിയിൽപ്പെട്ട ഇനങ്ങൾ

എ. പട്ടിക

ടെണ്ടർ സ്വീകരിക്കുന്ന സ്ഥലം : കോർപ്പറേഷൻ ഓഫീസ്, എറണാകുളം.

വണ്ടിപ്പേട്ടകൾ : നിരതദ്രവ്യം : 5 ലക്ഷം രൂപ

എറണാകുളം മേഖല (കിഴക്കൻ മേഖലയിൽ)പ്പെട്ട വണ്ടിപ്പേട്ടകളും,

മട്ടാഞ്ചേരി (പടിഞ്ഞാറൻ മേഖല) മേഖലയിൽപ്പെട്ട വണ്ടിപ്പേട്ടകളും

## കിഴക്കൻ മേഖല

1 നിലവിലുള്ളവ

1. ചിറ്റൂർ റോഡും ബാനർജി റോഡും കൂടുന്ന ജംഗ്ഷനിലുള്ള പേട്ട
2. എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷന് അടുത്തുള്ള പേട്ട
3. തേവര സൗത്ത് ജെട്ടിക്കു സമീപമുള്ള പേട്ട
4. പടിയാത്തുകുളത്തിന് സമീപമുള്ള പേട്ട
5. വൈപ്പിൻ ജംഗാർ ജെട്ടി മുതൽ തെക്കോട്ട് ഷൺമുഖം റോഡിന്റെ പടിഞ്ഞാറെ അരികിൽ 3 മീ. വീതിയിലും 100 മീ. നീളത്തിലും വരുന്ന റോഡ്.
6. കലൂർ സ്റ്റാന്റ്
7. ഇ.ആർ.ജി. റോഡിൽ നിന്നും ആരംഭിച്ച് ഭാരത് പെട്രോളിയം ഗേറ്റ് വരെയുള്ള സലിം അലി റോഡിന്റെ വടക്കുഭാഗത്തും കിഴക്കുഭാഗത്തും, 3 മീ. വീതിയിൽ വരുന്ന റോഡരിക്.
8. ഹൈക്കോടതിയുടെ പടിഞ്ഞാറുവശം ഷൺമുഖം റോഡ് ജംഗ്ഷൻ മുതൽ വടക്കോട്ട് ഗോശ്രീപാലം വരെ.
9. കനാൽ ഷെഡ്ഡ് റോഡിലെ കോളേജ് ഹോസ്പിറ്റലിനോട് ചേർന്ന് വടക്കുവശം രണ്ടര മീ. വീതിയിൽ 4 മീ. നീളം വരുന്ന റോഡ്.
10. വൈറ്റില ജംഗ്ഷനു തെക്കുവശം റോഡിനു പടിഞ്ഞാറുവശം.
11. ചമ്പക്കര മാർക്കറ്റിന് മുൻവശം തൃപ്പൂണിത്തുറ റോഡിനു കിഴക്കുവശം.
12. കടവന്ത്ര ഇന്ദിരാഗാന്ധി ഹോസ്പ്പിറ്റലിനു എതിർവശം റോഡരിക്.
13. പി.ടി. ഉഷ റോഡിൽ ജി.സി.ഡി.എ. മിനി സ്റ്റേഡിയം വരെയുള്ള റോഡിന്റെ കിഴക്കുവശം 3 മീ. വീതിയിൽ 4-5 മീ. നീളത്തിലുള്ള റോഡരിക്.
14. പേട്ട ജംഗ്ഷൻ റോഡിനു തെക്കുവശം.
15. വൈറ്റില - ജംഗ്ഷൻ - തെക്ക് വൈറ്റില ക്ഷേത്രം മുതൽ വടക്ക് ഫെഡറൽ ബാങ്ക് വരെ - എൻ.എച്ച്. -17 എസ്.എ. റോഡ്, തൃപ്പൂണിത്തുറ റോഡ്, വൈറ്റില - തമ്മനം റോഡ് ഇരുവശവും.
16. മേനക - ചേമ്പർ ജംഗ്ഷൻ മുതൽ പൊക്കുപാലം വരെ റോഡിനിരുവശവും.
17. ഹൈക്കോടതി ജംഗ്ഷൻ - ഗോശ്രീ പാലം മുതൽ പൊക്കുപാലം വരെ റോഡിനിരുവശവും.
18. പോണേക്കര - റെയിൽവേ ലൈനിന് വടക്കും തെക്കും വശങ്ങൾ.
19. വടുതല - പാലം മുതൽ ജെട്ടി റോഡുവരെ റോഡിനിരുവശവും.
20. പാലാരിവട്ടം - പൈപ്പ്ലൈൻ ജംഗ്ഷൻ മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെ റോഡിന് ഇരുവശവും പാലാരിവട്ടം തമ്മനം റോഡിൽ സബർബൻ ആശുപത്രി വരെ റോഡിനിരുവശവും

21. ആലിൻചുവട് – എൻ.എച്ച്. ബൈപ്പാസുമുതൽ ഇടപ്പള്ളി തോട് വരെയും പ്രണവം ഓഡിറ്റോറിയത്തിന് മുൻവശം വരെയും റോഡിനിരുവശവും.

22. എറണാകുളം സൗത്ത് – റെയിൽവേ സ്റ്റേഷൻ മുതൽ ഗേൾസ് ഹൈസ്കൂൾ ജംഗ്ഷൻ വരെയും അവിടെനിന്നും വളഞ്ഞമ്പലം വരെയും റോഡിനിരുവശവും.

23. ഇടപ്പള്ളി – ഇടപ്പള്ളി മുസ്ലിം പള്ളിമുതൽ സെന്റ് ജോർജ്ജ് പള്ളിവരെ റോഡിനിരുവശവും.

## പടിഞ്ഞാറൻ മേഖല

1 മട്ടാഞ്ചേരി പാലസ് ജെട്ടി, കനാൽ ജെട്ടി, പാലസ് ലാന്റിംഗ് സ്ഥലം എന്നിവയ്ക്ക് പടിഞ്ഞാറു ഭാഗം റോഡിന്റെയും കൊവിലകം മതിലിന്റെയും മദ്ധ്യേ ഒഴിവായി കിടക്കുന്ന സ്ഥലം.

2 ചക്കാമാടത്തിനു ഒഴിവായി കിടക്കുന്ന മുനിസിപ്പൽ പുറംപോക്ക് (20 മീ. നീളം 3 മീ. വീതി)

3 പള്ളിയറക്കാവ് റോഡിന്റെയും ചിറളായ് റോഡ് ജംഗ്ഷനിലുള്ള കിണറിനടുത്തുള്ള 16 മീ. നീളത്തിലുള്ള സ്ഥലം.

4 ചിറളായ് റോഡിന്റെയും കരിപ്പാലം റോഡിന്റെയും, ജംഗ്ഷന്റെ പടിഞ്ഞാറുവശം 16 മീ. നീളത്തിലും 2 മീ. വീതിയിലുമുള്ള സ്ഥലം.

5 ബസാർ റോഡ്, കൊറ്റുംകുളം റോഡ് ജംഗ്ഷന്റെ പടിഞ്ഞാറുവശം കൃഷ്ണലോഡ്ജിന്റെ എതിർവശം 16 മീ. നീളത്തിലും 2 മീ. വീതിയിലുമുള്ള സ്ഥലം.

6 ജൂത ഭാഗത്തു പെപ്പർ സ്പൈസസ് ട്രേഡ് അസോസിയേഷന്റെ മുൻഭാഗത്തുള്ള റോഡരിക്.

7 കപ്പലണ്ടി മുക്കിന്റെ കിഴക്കുഭാഗം മരക്കടവ് റോഡിന്റെ വടക്കേ അരികിൽ 10 മീ. നീളം 2 മീ. വിതിയുള്ള സ്ഥലം.

8 രാമേശ്വരം ലാന്റിംഗ് പ്ലേസ്

9 മരക്കടവ് ലാന്റിംഗ് പ്ലേസിന്റെ പടിഞ്ഞാറേ അറ്റംകൊണ്ട് കൊച്ചങ്ങാടി റോഡിന്റെ കിഴക്കുഭാഗം 95 മീ. നിളം, 2 മീ. വിതിയിലുള്ള സ്ഥലം)

10 സ്റ്റാർ ടാക്കീസിന്റെ മുൻവശത്തുള്ള റോഡും ബ്രിഡ്ജ് റോഡും ബന്ധിക്കുന്ന ജംഗ്ഷന്റെ തെക്കുഭാഗം റോഡിന്റെ കിഴക്കേയരികിൽ (20 മീ. നീളം. 3 മീ. വീതിയിലുള്ള സ്ഥലം)

11 പാണ്ടിക്കുടി റോഡ്, മാന്ത്ര റോഡ് ജംഗ്ഷന്റെ തെക്കുഭാഗം റോഡിന്റെ കിഴക്കേയരികിൽ 5.മീ. നീളം 2 മീ. വീതിയിലുള്ള സ്ഥലം.

12 ഫോർട്ടുകൊച്ചിയിൽ കോർപ്പറേഷൻ വക ട്രാവലേഴ്സ് ബംഗ്ലാവിന്റെ മുൻവശം വൈപ്പിൻ ഫെറി ജെട്ടിയുടെ അടുത്തു കിടക്കുന്നതുമായ എം.എസ്. 27-ാം നമ്പർ സ്ഥലം.

13 ഇടക്കൊച്ചി ബസ് സ്റ്റാന്റ്.

14 കൊച്ചിൻ കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട വൈപ്പിൻ ഫെറിക്കടുത്തുള്ള പേട്ട.

15 ഒന്നാം ഡിവിഷനിൽ കോക്കേഴ്സ് തീയറ്ററിനു മുൻവശം.

16 കോർപ്പറേഷൻ വക ഓപ്പൺ എയർ തീയറ്ററിന് മുൻവശം പുറംപോക്കു സ്ഥലം.

17 പള്ളുരുത്തി മേഖല ഓഫീസിന് മുൻവശത്തുള്ള സ്ഥലം.

18 കച്ചേരിപ്പടി – പള്ളുരുത്തി വില്ലേജ് ഓഫീസിന് സമീപത്തുള്ള സ്ഥലം.

19 തേവര ജംഗ്ഷൻ – വെണ്ടുരുത്തി പാലം മുതൽ പോലീസ് സ്റ്റേഷൻ വരെ റോഡിന് ഇരുവശവും.

20 പെരുമ്പടപ്പ് – കുമ്പളങ്ങി പാലം മുതൽ കിഴക്കോട്ട് കോവേന്ത വരെ റോഡിനിരുവശവും.

കുറിപ്പ് : ഏതെങ്കിലും വാഹന ഉടമകൾ കോടതിയിൽ നിന്നും സമ്പാദിച്ചിട്ടുള്ള നിരോധന ഉത്തരവ് ഉണ്ടെങ്കിൽ ആയതിനു വിധേയമായി മാത്രമേ ഫീസ് പിരിക്കുവാൻ പാടുള്ളൂ.

## ടാക്സി സ്റ്റാന്റുകൾ

1. എസ്.ആർ.വി. ഹൈസ്കൂളിനു തെക്കുവശം എം.ജി.റോഡിന്റെ കാരിക്കാമുറി ക്രോസിന് അടുത്ത് ഇടതുഭാഗത്തുള്ള ഷെഡ് ഉൾപ്പെടെയുള്ള ടാക്സി സ്റ്റാന്റ്

ഇ.എം.ഡി.- 5000/-

2. ഫോർട്ടുകൊച്ചി കമാല കടവിൽ നഗരസഭ വക സോണൽ ഓഫീസിനു മുൻവശം ജങ്കാർ ജെട്ടി വരെ റോഡിന്റെ ഇരുവശവും. ഇ.എം.ഡി. 3000/-രൂപ

3. തോപ്പുംപടി - തോപ്പുംപടി ജംഗ്ഷനിൽ പള്ളുരുത്തി മന്നം കോ-ഓപ്പറേറ്റീവ് ബാങ്കിന് മുനവശം നഗരസഭ പണികഴിപ്പിച്ചിട്ടുള്ള ടാക്സിസ്റ്റാന്റ് ഇ.എം.ഡി. 3000/-രൂപ
(അറ്റകുറ്റപണി നടക്കുന്നതിനാൽ താൽക്കാലീകമായി മാറ്റിവച്ചു)

4. പാലാരിവട്ടം ജംഗ്ഷൻ ടാക്സിസ്റ്റാന്റിനു മുകളിൽ പരസ്യം സ്ഥാപിച്ച് ടാക്സി സ്റ്റാന്റ് ഫീസ് പിരിവ് ഇ.എം.ഡി. 5000/-രൂപ

5. വൈപ്പിൻ ബസ്സ്സ്റ്റാന്റ് പരിസരം ഇ.എം.ഡി. 3000/-രൂപ

## പാർക്കിംഗ് സ്ഥലങ്ങൾ

നിലവിലുള്ളവ.

1. രാജാജി റോഡിലുള്ള പാർക്കിംഗ് പ്ലേസ് ഇ.എം.ഡി. 5,000/-രൂപ
2. എസ്.ആർ.വി. ജംഗ്ഷൻ മുതൽ ജോസ് ജംഗ്ഷൻ വരെ ഇ.എം.ഡി.3,000/-രൂപ
3. **സുഭാഷ് പാർക്കിന് മുൻവശം** വടക്കേ ഗേയ്റ്റിന് പുറത്തുനിന്നും വടക്കുഭാഗത്തേയ്ക്കുള്ള പാർക്കിംഗ് സ്ഥലം ഒഴികെയുള്ള സ്ഥലം ഇ.എം.ഡി.7,000/-രൂപ
4. **ഫോർട്ട് കൊച്ചി കോക്കേഴ്സ് തീയറ്ററിനു മുൻവശം** ഇ.എം.ഡി.1,000/-രൂപ
5. വി.ഐ.പി റോഡ് പാർക്കിംഗ് ഫീസ് പിരിവ് ഇ.എം.ഡി.5,000/-രൂപ
6. പി.വി.എസ്. കൾവർട്ട് മുതൽ റിസർവ്വ് ബാങ്ക് ക്വാർട്ടേഴ്സിന് മുൻവശം വരെയുള്ള റോഡിലെ പാർക്കിംഗ് ഫീസ് പിരിവ് ഇ.എം.ഡി. 5,000/-രൂപ
7. തോപ്പുംപ്പടി കംഫർട്ട് സ്റ്റേഷനു സമീപമുള്ള പാർക്കിംഗ് ഏരിയ ഇ.എം.ഡി. 5,000/-രൂപ
8. പി.റ്റി.ഉഷാ റോഡിലെ പാർക്കിംഗ് ഫീസ് പിരിവ് ഇ.എം.ഡി.3,000/-രൂപ

## ഫീസ് നിരക്കുകൾ

1. കാർ ഒന്നിന് 2 മണിക്കൂർ സമയത്തേയ്ക്ക് 1 എണ്ണം 10.00 രൂപ
2. ടു വീലർ ഒന്നിന് 1 എണ്ണം 5.00 രൂപ
3. **ഒന്നിൽ കൂടുതൽ ഉപയോഗിക്കുന്ന ഓരോ** മണിക്കൂറിനും ഭാഗത്തിനും യഥാക്രമം 5 രൂപയും 2 രൂപയും വീതം

## കംഫർട്ട്സ്റ്റേഷനുകൾ

1. കലൂർ ബസ് സ്റ്റാന്റ് കംഫർട്ട്സ്റ്റേഷൻ ഇ.എം.ഡി. 10,000/-രൂപ
2. തോപ്പുംപ്പടി ഇ-ടോയ്ലെറ്റ് ഇ.എം.ഡി. 10,000/- രൂപ
3. എറണാകുളം മാർക്കറ്റിനുള്ളിലെ കംഫർട്ട് സ്റ്റേഷൻ ഇ.എം.ഡി. 10,000/-രൂപ
4. ബയോടോയ്ലെറ്റുകൾ (ഫോർട്ടുകൊച്ചി, കച്ചേരിപ്പടി, എറണാകുളം മാർക്കറ്റ്, പാലാരിവട്ടം, എറണാകുളം ടൗൺഹാളിനു സമീപം ഇ.എം.ഡി. 10,000/-രൂപ വീതം- ഓരോന്നിനും

## വഞ്ചിത്താവളങ്ങൾ

എറണാകുളം ബേസിൽ ജെട്ടി ഇ.എം.ഡി. 3,000/- രൂപ

## അറവുശാല

**കലൂർ അറവുശാല.** ഇ.എം.ഡി. 60,000/- രൂപ

## പബ്ലിക്ക് മാർക്കറ്റുകൾ

1. തേവര മാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഇ.എം.ഡി. 10,000/- രൂപ
2. എറണാകുളം മാർക്കറ്റ് ഫിഷ് സ്റ്റാൾ ഫീസ് പിരിവ് ഇ.എം.ഡി. 10,000/- രൂപ
3. ചമ്പക്കര മാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഇ.എം.ഡി 25000/-രൂപ
4. **ഇടപ്പിള്ളി മാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഇ. എം. ഡി 3000/-രൂപ**

### കാന്റീൻ കെട്ടിടം

1. ഇടപ്പള്ളി ഓഫീസ് കാന്റീൻ വാടക അടിസ്ഥാനത്തിലുള്ള ഉപയോഗത്തിന് ഇ.എം.ഡി. 5000/- രൂപ

## ഫലവൃക്ഷങ്ങളിൽ നിന്നും മേലാദായം എടുക്കൽ

1. സുഭാഷ് പാർക്കിലെ പലവൃക്ഷങ്ങളിൽ നിന്നും മേലാദായം,നഗരസഭ മെയിൻ ഓഫീസിലെ കാന്റീനിനു സമീപമുള്ള ഒരു തെങ്ങിന്റെ മേലാദായം എടുക്കൽ - 500/- രൂപ
2. പച്ചാളം ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ - 500/- രൂപ
3. ഇടപ്പള്ളി മേഖലാ ഓഫീസ് വളപ്പിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ - 500/- രൂപ
4. രവിപുരം ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ - 250/- രൂപ
5. പുല്ലേപ്പടി ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ - 250/- രൂപ
6. ഇടപ്പള്ളി ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ - 250/- രൂപ

## ശ്മശാനങ്ങൾ

1. പച്ചാളം ശ്മശാനം ഇ.എം.ഡി. 8,000/-രൂപ
2. ഇടപ്പള്ളി, പുല്ലേപ്പടി , ഫോർട്ടുകൊച്ചി വെളി, വാത്തുരുത്തി., കൂവപ്പാടം, ഇടക്കൊച്ചി എന്നീ സ്ഥലങ്ങളിലെ ശ്മശാനങ്ങളും ചുള്ളിക്കൽ ബറിയൽ ഗ്രൗണ്ടും ഇ.എം.ഡി. 5,000/-രൂപ വീതം- ഓരോന്നിനും

## ബി.പട്ടിക

കൊച്ചി നഗരസഭ പശ്ചിമ മേഖലയിലെ ഇനങ്ങൾ

ടെണ്ടർ സ്വീകരിക്കുന്ന സ്ഥലം : അസിസ്റ്റന്റ് റവന്യൂ ഓഫീസർ, മട്ടാഞ്ചേരി

## മാർക്കറ്റുകൾ

1. പോളക്കണ്ടം മാർക്കറ്റ് - തുറന്ന സ്ഥലവും 22 സ്റ്റാളുകളും ഇ.എം.ഡി. 10,000/- രൂപ
2. കൂവപ്പാടം മാർക്കറ്റ് ഇ.എം.ഡി. 2,000/- രൂപ
3. ഇടക്കൊച്ചി പഷ്ണിത്തോട് പാലത്തിനു സമീപമുള്ള മൽസ്യ മാർക്കറ്റ് ഇ.എം.ഡി. 2,000/- രൂപ
4. അമരാവതി മിനി മാർക്കറ്റ് ഇ.എം.ഡി. 2,000/- രൂപ
5. പട്ടാളം മാർക്കറ്റ് ഇ.എം.ഡി. 2,000/- രൂപ
6. തോപ്പുംപടി ബി.എസ്.എൻ.എൽ. ഓഫിസിന് സമീപമുള്ള കോർപ്പറേഷൻ വക സ്ഥലത്തുള്ള പൊതുമാർക്കറ്റ്. ഇ.എം.ഡി. 6,000/- രൂപ
7. തുരുത്തി മിനി മാർക്കറ്റ് ഇ.എം.ഡി. 1,000/- രൂപ
8. പെരുമ്പടപ്പ് 17-ാം ഡിവിഷൻ നഗരസഭ വക മൽസ്യ മാർക്കറ്റ് ഇ.എം.ഡി. 5,000/- രൂപ

## കംഫർട്ട് സ്റ്റേഷനുകൾ

1. മട്ടാഞ്ചരി ബോട്ട്ജെട്ടി കംഫർട്ട്സ്റ്റേഷൻ ഇ.എം.ഡി. 5,000/- രൂപ
2. തോപ്പുംപടി കംഫർട്ട് സ്റ്റേഷൻ ഇ.എം.ഡി. 5,000/- രൂപ

3. കൊച്ചങ്ങാടി മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ — ഇ.എം.ഡി. 1,000/- രൂപ

1. വൈപ്പിൻ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ — ഇ.എം.ഡി. 3,000/- രൂപ

2. മെഹബൂബ് പാർക്കിന് സമീപമുള്ളള കംഫർട്ട് സ്റ്റേഷൻ — ഇ.എം.ഡി. 2,000/- രൂപ

3. ഫോർട്ടുകൊച്ചി ബീച്ചിനു സമീപം ബയോടോയ്‌ലെറ്റ് (01/06/17 മുതൽ 31/03/18വരെ)

ഇ.എം.ഡി. 3,000/- രൂപ

4. പെരുമ്പടപ്പ് മൽസ്യമാർക്കറ്റിനു പുറത്തുള്ള പബ്ലിക്ക് ടോയ്‌ലെറ്റ് — ഇ.എം.ഡി. 3,000/- രൂപ

## ലാന്റിംഗ് പ്ലേസുകൾ

1. മാന്തറ ലാന്റിംഗ് പ്ലേസ് — ഇ.എം.ഡി. 1,000/- രൂപ
2. രാമേശ്വരം ലാന്റിംഗ് പ്ലേസ് — ഇ.എം.ഡി. 1,000/- രൂപ
3. പാലസ് ലാന്റിംഗ് പ്ലേസ് — ഇ.എം.ഡി. 1,000/- രൂപ
4. അൽബുക്കർക്ക് ജെട്ടി ലാന്റിംഗ് പ്ലേസ് — ഇ.എം.ഡി. 2,500/- രൂപ
5. മട്ടാഞ്ചേരി വെജിറ്റബിൾ മാർക്കറ്റ് ലാന്റിംഗ് പ്ലേസ് — ഇ.എം.ഡി. 2,500/- രൂപ

## ഫവല്യക്ഷങ്ങളിൽ നിന്നുളള ആദായം എടുക്കൽ

1. കൂവപ്പാടം മാർക്കറ്റ് കോംമ്പൗണ്ട് ശ്മശാനം, ടൗൺഹാൾ കോംമ്പൗണ്ട് എന്നിവിടങ്ങളിലെ പലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ — ഇ.എം.ഡി. 250/- രൂപ
2. ചുള്ളിക്കൽ ലൈബ്രറി വളപ്പിലെ പലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കൽ (23/03/2017 മുതൽ 23/03/2020 വരെ ടെണ്ടർ ചെയ്ത് നൽകിയിട്ടുള്ളതാണ്. — ഇ.എം.ഡി. 250/- രൂപ
3. ഫോർട്ടുകൊച്ചി സോണൽ ഓഫീസ്, കുട്ടികളുടെ പാർക്ക് പരിസരത്തെ ഫലവൃക്ഷങ്ങളിലെ ആദായം എടുക്കൽ — ഇ.എം.ഡി. 250/- രൂപ
4. കൂവപ്പാടം ശ്മശാനത്തിലെ ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ — ഇ.എം.ഡി. 250/- രൂപ
5. ഫോർട്ടുകൊച്ചി വെളി ഫലവൃക്ഷങ്ങളിലെ മേലാദായം എടുക്കൽ — ഇ.എം.ഡി. 250/- രൂപ

**കമ്മ്യൂണിറ്റി ഹാൾ**

**കൂവപ്പാടം ശാന്തിനഗർ കമ്മ്യൂണിറ്റി ഹാൾ — ഇ.എം.ഡി. 10,000/-രൂപ**

(ഒപ്പ്)

**സെക്രട്ടറി**
**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

A.S. 2018.